## അല്ലാഹുവിന്റെ വചനം

مَا يَفْعَلُ اللّٰهُ بِعَذَابِكُمْ
اِنْ شَكَرْتُمْ وَاٰمَنْتُمْ ؕ
وَكَانَ اللّٰهُ شَاكِرًا عَلِيْمًا

(النساء:148)

‘നിങ്ങൾ കൃതജ്ഞത കാണിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളെ ശിക്ഷിക്കുന്നതു കൊണ്ട് അല്ലാഹു എന്തു ചെയ്യാനാണ്? അല്ലാഹു വിലയിരുത്തുന്നവനും വളരെയധികം അറിയുന്നവനുമാകുന്നു.’(4:148)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം
6

ലക്കം
6

വാർഷിക വരിസംഖ്യ
500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഫെബ്രുവരി 11/ഹി.ശം. 1400 തബ്ലീഗ് 11/1442 ജമാദുൽ ആഖർ 28


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### സജ്ദയുടെ ആയത്ത് ഓതുമ്പോൾ നബി(സ) സുജൂദ് ചെയ്യുമായിരുന്നു; സ്വഹാബത്തും അവിടത്തോടൊപ്പം സുജൂദ് ചെയ്യുമായിരുന്നു.

**(1075)** ഇബ്നു ഉമർ(റ) നിവേദനം. ‘സുജൂദ് ചെയ്യേണ്ട സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ചില സൂറത്തുകൾ ഞങ്ങളുടെ മുമ്പിൽവച്ച് നബി(സ) ഓതാറുണ്ടായിരുന്നു. അന്നേരം നബി(സ) സുജൂദ് ചെയ്യും. അപ്പോൾ ഞങ്ങളും സുജൂദ് ചെയ്യും. ചിലപ്പോൾ ചിലർക്ക് നെറ്റി നിലത്തു വെക്കാൻ പോലും സ്ഥലം ലഭിക്കാറില്ല.’

**(1072)** സയ്ദ് ബിൻ ഥാബിത്(റ)നിവേദനം:‘ നബി(സ)ക്ക് വന്നജ്മ് സൂറത്ത് ഒരിക്കൽ അദ്ദേഹം ഓതിക്കേൾപിച്ചു. അപ്പോൾ നബി(സ) സുജൂദ് ചെയ്തില്ല.’

**(1077)** ഹദ്റത്ത് ഉമർ(റ) നിവേദനം: അദ്ദേഹം ഒരു വെള്ളിയാഴ്ച ദിവസം മിമ്പറിൽ വച്ച് സൂറത്ത് നഹ്ൽ ഓതുകയും സുജൂദിന്റെ സ്ഥലത്തെത്തിയപ്പോൾ മിമ്പറിൽ നിന്ന് താഴേക്കിറങ്ങി സുജൂദ് ചെയ്യുകയും ചെയ്തു. ജനങ്ങളും സുജൂദ് ചെയ്തു. അടുത്ത ജുമുഅയിലും അതു ഓതുകയും സുജൂദിന്റെ സ്ഥാനത്തെത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം പറയുകയും ചെയ്തു: അല്ലയോ ജനങ്ങളേ! സുജൂദിന്റെ ആയത്തിലൂടെ നാം കടന്നു പോകും. അപ്പോൾ വല്ലവനും സുജൂദ് ചെയ്താൽ സുന്നത്ത് അവനു ലഭിച്ചു. സുജൂദ് ചെയ്യാത്തപക്ഷം അവന്റെമേൽ തെറ്റില്ല. അങ്ങനെ ഉമർ(റ) സുജൂദ് ചെയ്തില്ല. ഇബ്നു ഉമറിന്റെ നിവേദനത്തിൽ പറയുന്നു: ‘ഈ സുജൂദ് അല്ലാഹു നിർബന്ധമാക്കിയിട്ടില്ല. നമ്മൾ ഉദ്ദേശിച്ചാൽ സുജൂദ് ചെയ്യാം.’

**(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുസുജൂദുൽ ഖുർആൻ, പ്രസാധകർ ഖാദിയാൻ 2006)**

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 ഡിസംബർ 25 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


## അല്ലാഹു നാലു തരത്തിലുള്ള അടയാളങ്ങൾ എനിക്കു തന്നു. അവ ഞാൻ വലിയ വാദത്തോടുകൂടി പലതവണ എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലാഹു എനിക്ക് നാലു തരത്തിലുള്ള അടയാളം തന്നിട്ടുണ്ടെന്ന് ഞാൻ ആവർത്തിച്ച് രേഖപ്പെടുത്തിയിട്ടുള്ളതാണ്. അവ ഞാൻ വലിയ വാദത്തോടുകൂടി പലതവണ എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.

**ഒന്ന്:** അറബി ജ്ഞാനത്തിന്റെ അടയാളം. മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഈ വിനീതന് അറബിയുടെ ഒരു ഫോർമുല(സ്വീഗ) പോലും അറിയില്ലെന്ന് പറഞ്ഞതുമുതൽ എനിക്കു കിട്ടിയതാണത്. വാസ്തവത്തിൽ അതിനുമുമ്പേ അറബി ഭാഷയിലെ പദഘടന എനിക്കറിയാമെന്ന് ഞാനൊരിക്കലും വാദിച്ചിട്ടില്ല. അറബി ഭാഷയിലെ ‘ഇംലായും ഇൻശായും’ പഠിച്ചിട്ടുള്ളവർക്ക് അത് പഠിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ നല്ലവണ്ണം അറിയാം. അതിന്റെ സവിശേഷതകൾ പരിഗണിക്കാനും അവർക്കു കഴിയും. എങ്ങനെയാണ് അല്ലാഹു അമാനുഷികമായ നിലയിൽ സഹായം നല്കിയതെന്ന് മൗലവി സാഹിബ് (മൗലവി അബ്ദുൽകരീം സാഹിബായിരുന്നു ഉദ്ദേശ്യം)തുടക്കം മുതലേ നോക്കിക്കൊണ്ടിരുന്നു. ശുദ്ധമായ ഭാഷയുടെ പദം അവസരോചിതം കിട്ടുന്നില്ലെങ്കിൽ വലിയ ബുദ്ധിമുട്ട് വന്ന് ഭവിക്കുന്നു. ആ നേരത്ത് അല്ലാഹു ആ പദങ്ങൾ ഇട്ടു തരുന്നു. പുതിയതും കൃത്രിമവുമായ ഭാഷ ഉണ്ടാക്കാൻ എളുപ്പമാണ്. എന്നാൽ, നിർമലവും ശുദ്ധവുമായ ഭാഷ ദുഷ്കരമാണ്. പിന്നീട് മുന്തിയ സമ്മാനങ്ങളുടെ വാഗ്ദാനത്തോടുകൂടി ആ ഗ്രന്ഥങ്ങൾ നാം പ്രസിദ്ധീകരിച്ചു. നിങ്ങൾക്ക് ആരിൽനിന്നും സഹായം തേടാമെന്നും മാതൃഭാഷക്കാരെ വേണമെങ്കിലും വിളിക്കാമെന്നും പറയുകയും ചെയ്തു. അവർക്കൊരിക്കലും വിജയിക്കാൻ കഴിയുകയില്ലെന്ന് എനിക്ക് അല്ലാഹു ദൃഢഗാഢമായ ഉറപ്പു നല്കിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ അടയാളം എനിക്ക് വിശുദ്ധഖുർആനിന്റെ ഛായയിലാണ് അമാനുഷികമായി നല്കപ്പെട്ടിരിക്കുന്നത്.

**രണ്ട്:** ദുആകൾ സ്വീകരിക്കപ്പെടുക എന്നതാണ്. എത്രമാത്രം അധികമായാണ് എന്റെ ദുആകൾ സ്വീകരിക്കപ്പെട്ടതെന്ന് ഞാൻ അറബി ഗ്രന്ഥങ്ങൾ എഴുതുന്നതിന്നിടയിൽ പരീക്ഷിച്ചു നോക്കിയിട്ടുള്ളതാണ്. ഓരോ വാക്കിലും ഞാൻ ദുആ ചെയ്തു. ഞാൻ അല്ലാഹുവിന്റെ റസൂലിനെ ഇതിൽ മാറ്റി നിറുത്തുകയാണ്. (കാരണം അദ്ദേഹത്തിന്റെ മാധ്യസ്ഥം മുഖേനയും അനുകരിച്ചതുകൊണ്ടുമാണ് ഇതെല്ലാം എനിക്കു കിട്ടിയിട്ടുള്ളത്). മറ്റാരുടേയും സ്വീകരിക്കപ്പെട്ടിട്ടില്ലാത്തത്ര എന്റെ ദുആകൾ

(ശേഷം പേജ് 11ൽ)

## മനസ്സിന് പരിവർത്തനം ഉണ്ടാകാത്തിടത്തോളം വെറും കർമം ഒരു വസ്തുവുമല്ല. കർമത്തോടൊപ്പം മനസ്സിന്റെ പരിശുദ്ധിയും ആവശ്യമാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) **ഇന്നല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി യഹ്ദീഹിം റബ്ബുഹും ബി ഈമാനിഹിം** (യൂനുസ്:10) എന്ന ആയത്തിന് വ്യാഖ്യാനം നല്കിക്കൊണ്ടു പറയുന്നു: ഈ ആയത്തിൽ ഈമാൻ കാരണത്താലാണ് യഥാർഥ സന്മാർഗം ലഭിക്കുന്നതെന്ന് അല്ലാഹു പറയുന്നു. മനസ്സിന് പരിവർത്തനം ഉണ്ടാകാത്തിടത്തോളം വെറും കർമം ഒരു വസ്തുവുമല്ല. ഒരാൾ മോഷണം നടത്താൻ തീരുമാനിക്കുന്നു. എന്നാൽ, അയാൾക്ക് മോഷണത്തിന് അവസരം കിട്ടുന്നില്ലെങ്കിൽ അയാൾ വിശ്വസ്തനെന്ന് പറയപ്പെടുകയില്ല. ഇപ്രകാരം മനസ്സ് അന്യദൈവങ്ങളുടെ ഭയത്താൽ നിറഞ്ഞിരിക്കുകയും എന്നാൽ, ബാഹ്യത്തിൽ അതിന് സുജൂദ് ചെയ്യാതിരിക്കുകയുമാണെങ്കിൽ അയാൾ ഏകദൈവവിശ്വാസിയാണെന്ന് പറയപ്പെടുകയില്ല. ഇസ്‌ലാം വിശ്വാസം മാത്രമാണ് സമർപിക്കുന്നതെന്നും കർമത്തിന് സമ്മർദം ചെലുത്തുന്നില്ലെന്നും അജ്ഞരായ ചിലർ വിചാരിക്കുന്നുണ്ട്. വാസ്തവത്തിൽ ഇതു ശരിയല്ല. കർമത്തോടൊപ്പം മനസ്സിന്റെ പരിശുദ്ധിയും ആവശ്യമാണെന്ന കാര്യത്തിലാണ് ഇസ്‌ലാം ശക്തി ചെലുത്തുന്നത്. മനസ്സ് പരിശുദ്ധമല്ലാതാകുകയും കർമത്തോടൊപ്പം നില്ക്കാതിരിക്കുകയുമാണെങ്കിൽ അത്തരം വിശ്വാസം ഒരു പ്രയോജനവും ചെയ്യുകയില്ല. യഥാർഥ പരിശുദ്ധി മനസ്സിന്റേയും ചിന്താഗതികളുടേയും പരിശുദ്ധിയാണെന്ന കാര്യം ഏതു ബുദ്ധിമാനാണ് നിരാകരിക്കുക. മനസ്സ് പരിശുദ്ധമായിത്തീരുമ്പോൾ കർമങ്ങൾ അതിനെ അനുധാവനം ചെയ്യാതിരിക്കുക എന്നത് സംഭാവ്യമെയല്ല. മനുഷ്യൻ ജനങ്ങളെ ഭയന്ന് കർമം മറ്റൊരു തരത്തിൽ ചെയ്യാനിടയുണ്ട്. എന്നാൽ, മനുഷ്യൻ ജനങ്ങളെ ഭയന്ന് തന്റെ ചിന്താഗതികൾ മാറ്റുക എന്നത് സാധ്യമല്ല. മനസ്സിനുമേൽ മറ്റു മനുഷ്യരുടെ നിയന്ത്രണമുണ്ടാകുകയില്ല. ഉഗ്രന്മാരായ രാജാക്കന്മാരുടെ ആധിപത്യത്തിനുമീതെയാണ് മനസ്സ്. അതിനാൽ അത്തരം കാര്യത്തിനുമേലാണ് അല്ലാഹു സന്മാർഗത്തിന്റെ അച്ചുതണ്ട് വെച്ചിരിക്കുന്നത്. അത് സ്വയം മനുഷ്യന്റെ അധീനത്തിലാണ്. മറ്റു മനുഷ്യർക്ക് അതിൽ കൈകടത്തില്ല.

ബിഈമാനിഹിം എന്നു പറഞ്ഞുകൊണ്ട് ഈമാനനുസരിച്ചായിരിക്കും പ്രതിഫലം എന്ന കാര്യത്തിലേക്ക് സൂചന നല്കിയിരിക്കുന്നു. അതായത് ബാഹ്യമായ കർമത്തിൽ അയാൾ സമനാണെങ്കിലും പക്ഷേ, കർമത്തിന്റെ പിന്നിലുള്ള ആത്മാർഥതയും സ്നേഹവുംകൊണ്ട് പ്രതിഫലത്തിൽ വ്യത്യാസം വരുന്നതായിരിക്കും. ഇതും ഒരു ഉഗ്രമായ പോയന്റാണ്. നബി(സ)തിരുമേനി പറഞ്ഞു: അബൂബക്റിന് നിങ്ങളുടെമേലുള്ള ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിലുള്ള കാര്യം കാരണത്താലാണ്. ഒരാൾ കൂടുതൽ നമസ്കരിക്കുന്നത് നമ്മൾ കാണുന്നു. നോമ്പും അധികമായി പിടിക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ കൃപാതിരേകത്തെ മറ്റൊരാൾ ആകർഷിച്ചെടുക്കുന്നു. അതിനു കാരണം അയാളുടെ മനസ്സിന്റെ അവസ്ഥയാണ്. യഥാർഥ പരിശുദ്ധിയും ആത്മാർഥതയും ആർക്കാണോ കരസ്ഥമാകുന്നത് അയാളുടെ തുച്ഛമായ കർമം കൂടുതൽ ഫലങ്ങളെ വലിച്ചെടുക്കുന്നു. യഥാർഥത്തിൽ ആ വ്യക്തിയുടെ എല്ലാ കർമവും ആരാധനയായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ അയാളുടെ ബാഹ്യമായി കാണുന്ന കർമങ്ങളും അല്ലാഹുവിനുവേണ്ടിയുള്ളതാണ്. മനുഷ്യകുലത്തോടുള്ള സഹതാപം അവന്റെ എല്ലാ അനക്കമടക്കത്തിനും നിമിത്തമാകുന്നു.’(തഫ്സീറെ കബീർ, വാല്യം 3, പേജ് 34, പ്രസാധകർ ഖാദിയാൻ 2010)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ**

## 'നൂറുൽഹഖ്' എന്ന ഗ്രന്ഥത്തിന് തത്തുല്യമായ ഗ്രന്ഥം കൊണ്ടുവന്നാൽ പാതിരി യിമാദുദ്ദീന് 5000 രൂപ ഇനാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ വെല്ലുവിളിയുടെ കുറച്ചു ഭാഗവും അതിന്റെ പശ്ചാത്തലവും ഇതിനുമുമ്പേ ഞങ്ങൾ വിവരിച്ചു കഴിഞ്ഞു. പാതിരി യിമാദുദ്ദീൻ തന്റെ ഗ്രന്ഥമായ 'തൗസീനുൽ അഖ്വാൽ'ലിൽ വിശുദ്ധ ഖുർആനിന്റെ അർഥഗാംഭീര്യത്തിന്മേലും സാഹിതീയ സൗന്ദര്യത്തിന്മേലും ആക്ഷേപങ്ങൾ ഉന്നയിച്ചു. ഇതിനുള്ള മറുപടിയിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)അറബി ഭാഷയിലെ അർഥഗാംഭീര്യവും സാഹിതീയ സൗന്ദര്യവും ഉൾക്കൊള്ളുന്ന ഗ്രന്ഥം 'നൂറുൽഹഖ്' പ്രസിദ്ധീകരിച്ചു. അവിടന്ന് അതിൽ യിമാദുദ്ദീന്റെ ആക്ഷേപങ്ങൾക്ക് മറുപടി നല്കി. അയാൾ തുച്ഛമായെങ്കിലും അറബി അറിയുന്ന ആളാണെങ്കിൽ ഇതിനു തത്തുല്യമായ ഗ്രന്ഥം അറബിയിലെഴുതി കാണിച്ചാൽ 5000 രൂപ നല്കാമെന്ന് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു. ആ വെല്ലുവിളിയെ കുറിച്ചാണ് താഴെ ഞങ്ങൾ സ്മരിക്കുന്നത്.

**യിമാദുദ്ദീൻ അറബിയിൽ മത്സരിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശക്തമായ വെല്ലുവിളി.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നീ നിന്നെ എന്തെങ്കിലും വസ്തുവായി മനസ്സിലാക്കുകയും വിചാരിക്കുകയും ചെയ്യുന്നുവെങ്കിൽ നീയും സാഹിത്യകാരന്മാരിൽപ്പെട്ട ഒരാളാണെങ്കിൽ ജാഗരൂകനാകുക. നിന്റെ തീക്കല്ലിലെ തീ പുറത്തെടുക്കുന്നതിനുവേണ്ടി ഞാൻ നിന്നു കഴിഞ്ഞിരിക്കുന്നു. നിന്റെ വാളിന്റെ ശ്രേഷ്ഠത കാണുന്നതിനുവേണ്ടി ഞാനെഴുന്നേറ്റിരിക്കുന്നു. ചെറുപുസ്തകം ഞാൻ അറബിയിൽ പെട്ടെന്നെഴുതിയത് ഈ ഉദ്ദേശ്യത്തോടെയാണ്. ഈ ചെറു പുസ്തകം അസാധാരണവും തിളക്കമാർന്ന് വിവരണങ്ങളാൽ ഭരിതവുമാണ്. അത് മുത്തുകളെപോലെയാണ്. ഇപ്രകാരംതന്നെ സാഹിത്യത്തിലെ സുന്ദരമായ വാക്യങ്ങളടങ്ങിയതാണ്. ഞാൻ ഇതിനെ വളരെ നല്ല ലക്ഷണാർഥവാചകങ്ങളുടേയും സൂക്ഷ്മമായ പോയന്റുകളുടേയും മുത്തുകളാൽ അരിച്ചെടുക്കുകയും രത്നം പതിച്ചതാക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ അറബിഭാഷയുടെ ഉദാഹരണങ്ങൾ ധാരാളമുണ്ട്. മാധുര്യമേറിയ സാഹിത്യങ്ങൾ അധികമധികമായുണ്ട്. ഇപ്രകാരംതന്നെ ആധുനികരീതിയിലും മനോഹരവുമായുള്ള അർച്ചനാഗീതങ്ങളും ഇതിലുണ്ട്. ഞാൻ ഈ ഗ്രന്ഥത്തിൽ അമാനുഷികമായ കവിതകൾ കൊണ്ടുവന്നിട്ടില്ല. പ്രത്യുത അതെല്ലാം എന്റെ പ്രകൃതിയുടെ ഫലങ്ങളും എന്റെ ഭൂമിയിലെ കനികളുമാണ്. നിന്റെ ബുദ്ധിയുടെ ആഴവും നിന്റെ ശ്രേഷ്ഠതയുടെ അളവും പരീക്ഷിക്കുന്നതിനും നിന്റെ അറിവ് അനുമാനിക്കുന്നതിനും നിന്റെ മാധുര്യമേറിയ ഗ്രന്ഥം കാണുന്നതിനും നീ നിന്റെ വാദത്തിൽ സത്യവാനാണോ എന്നും ബഹളമുണ്ടാക്കുന്നതിനും കുഴപ്പമുണ്ടാക്കുന്നതിനും യോഗ്യനാണോ എന്നും അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനു മേൽ ആക്രമണം നടത്താൻ നിനക്ക് അവകാശമുണ്ടോയെന്നും ദൈവഗ്രന്ഥങ്ങളുടെ അർഥഗാംഭീര്യത്തിന്റേയും അതിന്റെ മൈതാനത്തിന്റേയും ഗുസ്തിസ്ഥലത്തെ സംബന്ധിച്ച് വിമർശിക്കാൻ അർഹനാണോ എന്നും നോക്കിപാർക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇങ്ങനെ ചെയ്തിട്ടുള്ളത്. അതുകൊണ്ട് നീ നിന്റെ വാദത്തിൽ സത്യവാനാണോ അതല്ല വ്യാജരിൽപ്പെട്ടവനാണോ എന്നു കാണാൻ ഞാനാഗ്രഹിക്കുന്നു (നൂറുൽ ഹഖ് , റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 152)

**യിമാദുദ്ദീന് രണ്ടുമാസത്തെ കാലാവധി;ആരെ വേണമെങ്കിലും സഹായത്തിനു വിളിക്കാം.**

സയ്യിദുനാ ഹദറത്ത് മസീഹ് മൗഊദ്(അ) കുറച്ചു മണിക്കൂറുകൾ കൊണ്ടാണ് 'നൂറുൽ ഹഖ്' ഗ്രന്ഥമെഴുതിയത്. പക്ഷേ, എതിരാളികൾക്ക് തന്നെ നേരിടുന്നതിനുവേണ്ടി പൂർണമായും രണ്ടുമാസം കാലാവധി നല്കി. അവിടന്ന് പറയുന്നു:

'നിനക്ക് ഇങ്ങനെയൊരു അനുവാദവുമുണ്ട്. നീ നിന്റെ എല്ലാ സംഘക്കാരുമായിരുന്ന് എഴുതുക. കാരണം അവരിൽനിന്ന് സഹായം തേടുന്നതിൽ നമ്മുടെ ഭാഗത്തുനിന്ന് ഒരു തടസവുമില്ല......ഞാൻ നിനക്കും നിന്റെ സഹോദരങ്ങൾക്കും നിന്റെ സുഹൃത്തുക്കൾക്കും നിന്റെ ജനതയ്ക്കും തങ്ങൾ മൗലവിമാരാണെന്ന് സ്വയം പറയുന്ന നിന്റെ സഹായികൾക്കും പൂർണമായും രണ്ടുമാസത്തെ കാലാവധി തരികയാണ്. ഈ കാലാവധി പ്രസിദ്ധീകരിക്കുന്ന തിയതി മുതൽ താങ്കൾ താങ്കളുടെ സാഹിത്യത്തിലുള്ള പൂർണമായ കഴിവ് കാണിക്കുന്നതുവരെയാണ്. (നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 154)

പരസ്പരം സഹായിക്കാൻ എല്ലാ ക്രിസ്ത്യാനികൾക്കും അധികാരമുണ്ടായിരിക്കും. എല്ലാവരും ഒത്തുചേർന്നുകൊണ്ട് ഈ യുദ്ധത്തിനുവേണ്ടി എഴുന്നേല്ക്കുക. ചിലർ ചിലരുടെ സഹായികളായിത്തീരുക. വിവരമില്ലാത്തവനോടും വിവരമുള്ളവനോടും ചോദിക്കുക. അടുത്തും ദൂരത്തുമുള്ള എല്ലാ സഹായികളേയും വിളിച്ചുകൊള്ളുക. അവരുടെ ദൃഷ്ടിയിൽ ദൈവമായ മസീഹിൽനിന്നും സഹായം തേടുക. പ്രപഞ്ചത്തെ മുഴുവൻ നിലനിറുത്തുന്നവൻ അദ്ദേഹമല്ലാതെ മറ്റാരുമല്ല. ഭാഷണങ്ങൾ പഠിപ്പിക്കുന്ന റൂഹുൽ ഖുദുസിൽനിന്ന് സഹായം തേടാവുന്നതാണ്; സത്യവാന്മാരാണെങ്കിൽ! (നൂറുൽഹഖ് , റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 155)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) യിമാദുദ്ദീനെ മാത്രമല്ല പ്രത്യുത സകല പാതിരിമാരേയും സർവ മൗലവിമാരേയും പ്രത്യേകിച്ചും മുഹമ്മദു ഹുസയ്ൻ ബട്ടാലവിയേയും റുസുൽബാബ അമൃതസരിയേയും ഈ മത്സരത്തിന് വിളിച്ചു. അവിടന്ന് തന്റെ ഗ്രന്ഥമായ 'ഇത്മാമുൽ ഹുജ്ജത്തി'ൽ വിളംബരം ചെയ്തു: 'നമ്മുടെ ഭാഗത്തുനിന്ന് സകല പാതിരിമാർക്കും ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബട്ടാലവിക്കും റുസുൽബാബാ അമൃതസരിക്കും അവരുടെ മറ്റുള്ള സർവ സ്നേഹിതർക്കുമുള്ള ക്ഷണമാണിത്.'(ഇത്മാമുൽ ഹുജ്ജ, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 304)

**യിമാദുദ്ദീന് 5000 രൂപയുടെ ഇനാം**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അതിനാൽ താങ്കൾ ഈ ചെറുപുസ്തകത്തിന് തത്തുല്യമായത് ഉണ്ടാക്കിക്കൊണ്ടുവരികയും വളരെ ദീർഘമായ ഈ കാലാവധിക്കുള്ളിൽ താങ്കൾ എല്ലാ ഓരോ സാദൃശ്യങ്ങളുടേയും താരതമ്യം ചെയ്യലിന്റേയും അടിസ്ഥാനത്തിൽ പുസ്തകം രചിച്ച് സമർപ്പിച്ചാൽ ഒരു ചെരിപ്പ് മറ്റേതിനോടെന്നപോലെ താങ്കൾ നേരിട്ടത് നാം കണ്ടാൽ നാം താങ്കൾക്ക് 5000 രൂപ ഇനാം നല്കുന്നതായിരിക്കും. ഈ വാഗ്ദാനം പ്രതാപവാനായ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് ഉറപ്പിച്ചതാണ്. നിനക്ക് വിശ്വാസപരമായ സത്യത്തിൽ വിശ്വാസമില്ലെങ്കിൽ താങ്കളുടെ സമാധാനത്തിന് നാം ഇംഗ്ലീഷുകാരുടെ ഖജനാവിൽ തുക നിക്ഷേപിക്കുന്നതായിരിക്കും. (നൂറുൽഹഖ്, റൂഹാനീ ഖസാ ഇൻ വാള്യം 8, പേജ് 154)

**ഇംഗ്ലീഷുകാരെ മധ്യസ്ഥനാക്കാൻ പദ്ധതി**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നാം നമ്മുടെ മനസന്തോഷത്തോടും വിശാലഹൃദയത്തോടും തൃപ്തിപ്പെട്ടിരിക്കുന്ന കാര്യമാണിത്. ഇംഗ്ലീഷു സർക്കാർ നമ്മുടേയും നമ്മുടെ എതിരാളികളുടേയും വിധികർത്താവാകുന്നതിലും നാം തൃപ്തിപ്പെട്ടിരിക്കുന്നു. നമ്മുടെ വാക്കുകളിൽ ഇക്കൂട്ടരെ സർക്കാർ സത്യസന്ധരായി കണ്ടാൽ വിശുദ്ധ ഖുർആനിന്റെ അർഥഗാംഭീര്യത്തിനും സാഹിതീയ സൗന്ദര്യത്തിനുമ്മേൽ ആക്രമണം നടത്തുകയും തങ്ങളും മുസ്ലിം ഉലമായെപ്പോലെ മൗലവിമാരാണെന്നും അറിവല്ലാത്തവരല്ലെന്ന് പറയുകയും സാഹിത്യമുള്ളതും സാഹിത്യമില്ലാത്തതും തമ്മിൽ വ്യത്യാസപ്പെടുത്തികാണിക്കാനുള്ള കഴിവുണ്ടെന്ന്– അവർ ഈ രംഗത്ത് യഥാർഥത്തിൽപ്രാതിനിധ്യം വഹിക്കാൻ പോരുന്നവരാണോ എന്ന് സർക്കാർ നോക്കുക. അതു ശരിയാണെന്ന് കണ്ടാൽ നമ്മുടെ ഈ ഇനാം അവർക്കു കൊടുക്കുകയും ഞാൻ കള്ളനാണെന്ന് വിചാരിക്കുകയും ചെയ്യുക. അവരുടെ ശ്രേഷ്ഠമായ അറിവിനെ രാജ്യങ്ങളിലും യൂറോപ്പിലും പ്രസിദ്ധപ്പെടുത്തുക. ലോകത്തിന്റെ അറ്റങ്ങൾവരെ അവരുടെ ശ്രേഷ്ഠതകൾ പ്രചരിപ്പിക്കുക. അവരുടെ നാമങ്ങൾ വിദ്യാസമ്പന്നരിൽ എഴുതുക. ഇനി സർക്കാർ ആ നിലയിൽ അവരെ കണ്ടില്ലെങ്കിൽ പ്രത്യുത ഇത്തരത്തിലുള്ള ശ്രേഷ്ഠരായ ആളുകളിൽ നിന്ന് അകന്നു കിടക്കുന്ന അജ്ഞരുടെ ഒരു സംഘമായാണ് അവരെ കണ്ടതെങ്കിൽ നാം ബ്രിട്ടീഷ് സർക്കാറിന്റെ നീതിയും ന്യായവും പ്രതീക്ഷിക്കുകയാണ്. അതായത് ഇതിനുശേഷം സ്വന്തം മൗലവിമാരെന്ന് പറയുകയും അജ്ഞരായിരുന്നിട്ടും വിശുദ്ധ ഖുർആനിന്റെ സാഹതീയ സൗന്ദര്യത്തിനുമേൽ ആക്രമണം നടത്തുന്ന ആ പെരുങ്കള്ളന്മാരെ അതിൽനിന്ന് തടയുക. (നൂറുൽഹഖ് , റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 155)

**മത്സരിക്കാൻ ആദ്യത്തെ സംബോധിതൻ യിമാദുദ്ദീൻ**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ക്ഷണത്തിൽ നാം ഒന്നാമതായി സംബോധന ചെയ്യുന്നതും ഈ യുദ്ധത്തിന് നാം ഒന്നാമതായി ക്ഷണിക്കുന്നതും പാതിരി യിമാദുദ്ദീനെയാണ്. കാരണം അയാൾ വിശുദ്ധ ഖുർആനിന്റെ അർഥഗാംഭീര്യത്തേയും സാഹിതീയ സൗന്ദര്യത്തേയും നിഷേധിക്കുന്നയാളാണ്. തന്റെ എല്ലാ ഗ്രന്ഥങ്ങളിലും ലജ്ജയില്ലായ്മ കാണിക്കുന്നു. താനൊരു മഹാനായ ആലിമാണെന്ന് പറയുന്നു. ഖുർആൻ സാഹിത്യസ

(ശേഷം പേജ് 12ൽ)

## ഖുത്ബ ജുമുഅ

ഹദ്റത്ത് അലി(റ),സുബയ്റിനോടു പറഞ്ഞു: 'താങ്കൾ ഞാനുമായി പോരാടാൻ സൈന്യത്തെ തയ്യാറാക്കിയിരിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കാൻ വല്ല ഒഴികഴിവും തയ്യാറാക്കിവെച്ചിട്ടുണ്ടോ? നിങ്ങൾ എന്തിനാണ് ഇസ്‌ലാമിനെ നശിപ്പിക്കാൻ ഒരുങ്ങുന്നത്? അതിനെ സേവിക്കാൻ നിങ്ങൾ കഠിനമായ പ്രയത്നങ്ങൾ ചെയ്തവരല്ലേ?

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയ്യുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച. ജമൽ യുദ്ധം, സിഫ്ഫീൻ യുദ്ധം, നഹ്ർവാൻ യുദ്ധം, എന്നിവയിൽ അഭിമുഖികരിക്കേണ്ടിവന്ന അവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണം.

ഇതിനുപുറമെ ശിക്ഷണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ സ്വയം പാരായണം ചെയ്യുന്നതോടൊപ്പം എം.ടി.എയുമായി ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാകുന്നു. പ്രത്യേകിച്ചും ഖിലാഫത്തുമായുള്ള ബന്ധം നിലനില്ക്കുന്നതിനും മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നതിനും വർധിച്ചുകൊണ്ടിരിക്കുന്നതിനും എം.ടി.എ മുഖേന തീർച്ചയായും ഖുത്ബ ജുമുഅ കേട്ടുകൊണ്ടിരിക്കുക.

പാകിസ്താനി അഹ്മദികളും പാകിസ്താനിൽ വസിക്കുന്ന അഹ്മദികളും പ്രത്യേകമായി നഫലുകളിലും ദുആകളിലും ശക്തിചെലുത്തേണ്ടതാണ്. ഈ ദുആകളിൽ **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വറഹംനീ** വളരെയധികം ചൊല്ലുക. **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം** എന്ന ദുആയും അധികമധികമായി ചൊല്ലുക. സ്വലാത്ത് ചെല്ലുന്നതിലേക്കും ശ്രദ്ധിക്കുക. ഇന്ന് അത് വളരെ അത്യാവശ്യമാണ്. ഞാൻ പറഞ്ഞതുപോലെ നഫ്ലുകളും അനുഷ്ഠിക്കുക. അല്ലാഹു അവർക്ക് തൗഫീഖ് അതിന് നൽകുമാറാകട്ടെ.

ഹുംദ അബ്ബാസ് സാഹിബ ഭാര്യ അബ്ബാസ് ബിൻ അബ്ദുൽ ഖാദിർ സാഹിബ് ഖയ്ർപൂർ സിന്ധ്, രിള്വാൻ സയ്യിദ് നയീമി സാഹിബ് ഇറാഖ്, മലിക്ക് അലി മുഹമ്മദ് സാഹിബ് ഹജക് ജില്ല സർഗോദ, ഇഹ്സാൻ അഹ്മദ് സാഹിബ് ലാഹോർ, റിയാളുദ്ദീൻ ശംസ് സാഹിബ് തുടങ്ങിയവരുടെ അനുസ്മരണവും ജനാസ ഗാഇബും

അൽജീരിയായിലെ രണ്ടു കോടതികളിൽ കള്ളക്കേസിൽ കുടുങ്ങിയ ധാരാളം അഹ്മദികൾക്ക് മോചനം

പാക്കിസ്താനിൽ താമസിക്കുന്ന അഹ്മദികളോടു നഫ്ലുകൾ നമസ്കരിക്കാനും ദുആകൾ ചെയ്യാനും ആഹ്വാനം

**ഖുത്ബ ജുമുഅ 2020 ഡിസംബർ 25/1399 നുബുവ്വത്ത് 25**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۔
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ الرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്തിനേയും കലാപകാരികളേയും സംബന്ധിച്ചും അതോടൊപ്പം ഹദ്റത്ത് അലി(റ)ന്റെ സേവനത്തെക്കുറിച്ചും പറഞ്ഞിരുന്നു. ഇനി ഹദ്റത്ത് അലിയുടെ സംഭവങ്ങളാണ് വരുന്നത്. ഇതേക്കുറിച്ച് ഒരു പ്രധാന സംഗതിയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"എന്തുകൊണ്ടെന്നാൽ, നിങ്ങളും സ്വഹാബാക്കളെപ്പോലെയാകുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ എങ്ങനെയാണ് നശിപ്പിക്കപ്പെട്ടതെന്നും എന്ത് കാര്യങ്ങളാണ് അവരുടെ നാശത്തിന് ഹേതുവായതെന്നും ചരിത്രത്തിന്റെ വെളിച്ചത്തിൽ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. നിങ്ങൾ നവാഗതർക്കുള്ള ശിക്ഷണത്തിന് ഏർപ്പാടുചെയ്യുവിൻ. അതായത് അവർക്ക് ശരിയായ ദീനി ശിക്ഷണം നൽകേണ്ടതാണ്. ഹദ്റത്ത് ഉഥ്മാന്റെ കാലത്ത് ഉയർന്നുവന്ന കുഴപ്പങ്ങൾ സ്വഹാബാക്കളിൽ നിന്നല്ല ഉണ്ടായത്. സ്വഹാബാക്കളാണ് അതുണ്ടാക്കിയതെന്ന് പറയുന്നവർ അബദ്ധധാരണയിലാകുന്നു. ഹദ്റത്ത് അലിക്കെതിരിൽ നിരവധി സ്വഹാബാക്കളുണ്ടായിരുന്നു എന്നതിൽ തർക്കമില്ല. മുആവിയക്ക് എതിരിലുമുണ്ടായിരുന്നു. എന്നാൽ, ഈ കുഴപ്പങ്ങളുടെ ഉറവിടം സ്വഹാബാക്കൾ അല്ലായിരുന്നു. മരിച്ച് പിന്നീട് വന്ന നബി(സ)തിരുമേനിയുടെ സഹവാസം ലഭിക്കാത്തവരും നബി(സ)തിരുമേനിയോടൊപ്പം കഴിച്ചുകൂടാത്തവരുമായ ആളുകളിൽ നിന്നാണ് ആരംഭിച്ചത്. അതിനാൽ, ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, ഫിത്നകളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം പറഞ്ഞുതരികയാണ്." അന്ന് അദ്ദേഹം ഖാദിയാനിലായിരുന്നു. "നിങ്ങളുടെ ഈമാൻ പുതുപുത്തനായി നിലനിൽക്കുന്നതിനും നിങ്ങളുടെ ദൈവഭയം വർധിക്കുന്നതിനും അധികമധികമായി ഖാദിയാനിൽ വരിക."(അൻവാറെ ഖിലാഫത്ത്, അൻവാറുൽ ഉലൂം, വാല്യം 3, പേജ് 171)

അതായത് നിങ്ങൾക്ക് കേന്ദ്രവുമായും ബന്ധം നിലനിൽക്കണം ഖിലാഫത്തുമായും ബന്ധം നിലനിൽക്കണം. ഇത് നിലനിന്നാൽ ശരിയായ തർബിയത്ത് അഥവാ ശിക്ഷണം നിലനിൽക്കുന്നതാണ്. ഇന്ന് അല്ലാഹു നമുക്ക് എം.ടി.എ യുടെ സൗകര്യം ലഭ്യമാക്കിയിരിക്കുന്നു. ഖുത്ബകൾ ലോകം മുഴുവൻ കേൾപ്പിക്കപ്പെടുന്നു, കാണിക്കപ്പെടുന്നു. മറ്റു പരിപാടികളും കേൾപ്പിക്കുകയും കാണിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ശിക്ഷണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ സ്വയം പാരായണം ചെയ്യുന്നതോടൊപ്പം എം.ടി.എയുമായി ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാകുന്നു. പ്രത്യേകിച്ചും ഖിലാഫത്തുമായുള്ള ബന്ധം നിലനില്ക്കുന്നതിനും മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നതിനും വർധിച്ചുകൊണ്ടിരിക്കുന്നതിനും എം.ടി.എ മുഖേന തീർച്ചയായും ഖുത്ബ ജുമുഅ കേട്ടുകൊണ്ടിരിക്കുക.

ജമൽ യുദ്ധത്തിന്റെ സംഭവങ്ങളെപ്പറ്റി നിവേദനങ്ങളിൽ പറയുന്നു: 'ജമൽ യുദ്ധം ഹിജ്റ 36-ൽ ഹദ്റത്ത് അലിയും ഹദ്റത്ത് ആഇശായും തമ്മിലാണ് ഉണ്ടായത്. ഹദ്റത്ത് ആഇശയോടൊപ്പം ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റുമുണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ) യുദ്ധരംഗത്ത് ഒരു ഒട്ടകപ്പുറത്താണ് സവാരി ചെയ്തിരുന്നത്. അതുകൊണ്ടാണ് 'ജമൽ യുദ്ധം' എന്നറിയപ്പെടുന്നത്. ഹദ്റത്ത് ആഇശ(റ) ഹജ്ജ് നിർവഹിക്കുന്നതിനു മക്കയിൽ പോയതായിരുന്നു. അവർ അവിടെ താമസിച്ചുവരവെ ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനെ പറ്റി വിവരം കിട്ടി. ഉംറ ചെയ്തശേഷം മദീനയിലേക്ക് തിരിച്ചപ്പോൾ വഴിയിൽ 'സർഫ്' എന്ന സ്ഥലത്ത് ഉബയ്ദ് ബിൻ അബൂസൽമ, ഹദ്റത്ത് ഉഥ്മാൻ ശഹീദാക്കപ്പെട്ടു എന്നും ഹദ്റത്ത് അലി ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടുവെന്നും മദീനയിൽ കലാപം ഉണ്ടായിരിക്കുകയാണെന്നും അറിയിച്ചു. അപ്പോൾ ഹദ്റത്ത് ആഇശ(റ) വഴിയിൽനിന്നുതന്നെ മക്കയിലേക്ക് തിരിച്ചു. ജനങ്ങളെ ഹദ്റത്ത് ഉഥ്മാന്റെ വധത്തിനു പകരം ചോദിക്കാനും ഫിത്ന ഇല്ലാതാക്കാനും ഒരുമിച്ചുകൂട്ടി. ഹദ്റത്ത് ആഇശ(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ) എന്നിവരുടെ നേതൃത്വത്തിൽ ഒരുപാട് ആളുകൾ ഒരുമിച്ചുകൂടി. ഈ സംഘം അവിടെനിന്ന് ബസ്വറയിലേക്ക് തിരിച്ചു. ആ നാട്ടിലെ ആളുകളിൽ വലിയ വിഭാഗം ഹദ്റത്ത് ആഇശ(റ)യോടൊപ്പം ചേർന്നു. എന്നാൽ, ഒരു സംഘം, ഹദ്റത്ത് അലി(റ) ബസ്വറയിൽ നിശ്ചയിച്ചിരുന്ന കൈകാര്യകർത്താവ് ഉഥ്മാൻ ബിൻ ഹുനയ്ഫിന്റെ കൈകളിൽ ബയ്അത്ത് ചെയ്തു. ഇതിനിടയിൽ രണ്ടു വിഭാഗവും തമ്മിൽ അസ്വാരസ്യങ്ങളുമുണ്ടായി. ഹദ്റത്ത് അലി(റ), ഹദ്റത്ത് ആഇശ(റ)യുടെ സൈന്യത്തിന് അടുത്തുതന്നെ താവളമടിച്ചു. അതായത് ഹദ്റത്ത് അലി(റ)യുടെ സൈന്യവും എത്തുകയും അടുത്തുതന്നെ അവർ താവളമടിക്കുകയും ചെയ്തു. രണ്ട് ഭാഗത്തുനിന്നും രഞ്ജിപ്പിനുള്ള ശ്രമം ആരംഭിച്ചു. ചർച്ചകൾ ഫലവത്തായി. എന്നാൽ, രാത്രി നേ

രത്ത് ഹദ്റത്ത് ഉഥ്മാന്റെ ഘാതകരിൽ പെട്ട ഒരു വിഭാഗം ഹദ്റത്ത് അലിയുടെ സൈന്യത്തിൽ ഉൾപ്പെട്ടിരുന്നു. അവർ ഹദ്റത്ത് ആഇശ(റ)യുടെ സൈന്യത്തെ ആക്രമിച്ചു. അങ്ങനെ യുദ്ധം ആരംഭിച്ചു. ഹദ്റത്ത് ആഇശ(റ) ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ജീവത്യാഗം ചെയ്യാൻ സന്നദ്ധരായ ആളുകൾ ഒന്നൊന്നായി ഒട്ടകത്തിന്റെ മൂക്കുകയർ പിടിക്കുകയും അവർ ശഹീദായിക്കൊണ്ടിരിക്കുകയുമായിരുന്നു. ഹദ്റത്ത് ആഇശ(റ) ഒട്ടകപ്പുറത്ത് ഇരിക്കുന്നിടത്തോളം യുദ്ധം അവസാനിക്കുകയില്ലെന്ന് മനസിലാക്കിയ ഹദ്റത്ത് അലി(റ) കുറച്ച് യോദ്ധാക്കളോട് എങ്ങനെയെങ്കിലും ആ ഒട്ടകത്തെ വെട്ടി വീഴ്ത്താൻ കൽപിച്ചു. കാരണം യുദ്ധത്തിന്റെ പര്യവസാനം അതു വീഴുന്നതുമായി ബന്ധപെട്ടിരുന്നു. അങ്ങനെ ഒരാൾ മുന്നോട്ട് ഗമിച്ച് ഒട്ടകത്തിന്റെ കാലുവെട്ടി. അത് നിലവിളിച്ചുകൊണ്ട് ഇരുന്നു. ഹദ്റത്ത് അലി(റ)യുടെ സൈന്യം നാലു ഭാഗത്തുനിന്നും ഒട്ടകത്തെ വളഞ്ഞു. ഹദ്റത്ത് ആഇശ(റ)യുടെ ഒട്ടകം വീണപ്പോൾ 'ജമലുകാർ' നാലു ഭാഗത്തേക്കും ചിന്നിച്ചിതറി. തുടർന്ന് ഹദ്റത്ത് അലി(റ) വിളംബരം ചെയ്തു: 'ആയുധം താഴെ ഇടുന്നവരും വീടുകളിൽ വാതിലുകളടച്ച് ഇരിക്കുന്നവരും സമാധാനത്തിലായിരിക്കും. ആരെയും പിന്തുടരുകയോ ആരുടേയും സമ്പത്ത് സമരാർജിത സ്വത്തായി ഗണിച്ച് പിടിച്ചെടുക്കുകയോ ഇല്ല.' ഹദ്റത്ത് അലി(റ)യുടെ സൈന്യം, ഈ കൽപ്പന പാലിച്ചു. ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമും ഹദ്റത്ത് ത്വൽഹയും ശഹീദാക്കപ്പെട്ടു. (അൽകാമിൽ ഫിത്താരീഖ്, ഇബനുൽഅഥീർ, വാല്യം 3, പേജ് 99–149, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)

ഇതിന്റെ ഒരു ഭാഗം ഇബ്നു അഥീറിന്റെ ചരിത്രത്തിൽനിന്ന് സംക്ഷിപ്തം എടുത്തിട്ടുള്ളതാണ്.

ഇതേക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) പറയുന്നു:

ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ പങ്കാളികളായിരുന്ന ഒരു വിഭാഗം ഹദ്റത്ത് ആഇശ(റ)യെ ഹദ്റത്ത് ഉഥ്മാന്റെ രക്തത്തിന് പകരം ചോദിക്കുവാൻ ജിഹാദിന് വിളംബരപെടുത്താൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ അതേക്കുറിച്ച് വിളംബരപ്പെടുത്തുകയും സ്വഹാബാക്കളെ സഹായത്തിനുവേണ്ടി വിളിക്കുകയും ചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ആഇശ(റ)യുടെ സൈന്യത്തിലുണ്ടായിരുന്നു. അതായത് പ്രധാന സൈനികവിഭാഗത്തിൽ. ഹദ്റത്ത് അലിയും ഹദ്റത്ത് ആഇശയും തമ്മിൽ യുദ്ധമുണ്ടായി. അത് ജമൽ യുദ്ധം എന്നറിയപ്പെടുന്നു. ഈ യുദ്ധത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് സുബയർ(റ) ഹദ്റത്ത് അലി(റ)യിൽനിന്ന് നബി(സ)തിരുമേനിയുടെ ഒരു പ്രവചനം കേട്ടപ്പോൾ വിട്ടുപോവുകയും മേലിൽ ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യുകയില്ലെന്ന് ശപഥം ചെയ്യുകയുണ്ടായി. മാത്രമല്ല തന്റെ നിലപാടിൽ അബദ്ധം സംഭവിച്ചുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മറുഭാഗത്ത് ഹദ്റത്ത് ത്വൽഹയും തന്റെ വഫാത്തിനു മുമ്പേ ഹദ്റത്ത് അലിക്ക് ബയ്അത്ത് ചെയ്തു. കഴിഞ്ഞ ഖുത്ബയിൽ ഇതേപ്പറ്റി പരാമർശിച്ചതാണ്. നിവേദനങ്ങളിൽ ഇങ്ങനെ പറയപ്പെടുന്നു: അദ്ദേഹം പരിക്കേറ്റു പിടയുകയായിരുന്നു. ഒരാൾ അദ്ദേഹത്തിനടുത്തുകൂടി പോകാൻ ഇടവന്നു. അദ്ദേഹം ചോദിച്ചു: നിങ്ങൾ ഏതു പക്ഷക്കാരനാണ്? അയാൾ പറഞ്ഞു: ഞാൻ അലിയുടെ പക്ഷക്കാരനാണ്. അപ്പോൾ അദ്ദേഹം തന്റെ കൈ അദ്ദേഹത്തിന്റെ കൈയിൽകൊടുത്തിട്ട് പറഞ്ഞു: 'നിങ്ങളുടെ കൈ അലിയുടെ കൈയാകുന്നു. ഞാൻ നിങ്ങളുടെ കൈയിൽ ഹദ്റത്ത് അലിക്ക് വീണ്ടും ബയ്അത്ത് ചെയ്യുകയാണ്. ചുരുക്കത്തിൽ മറ്റു സ്വഹാബാക്കളുടെ അഭിപ്രായ വ്യത്യാസങ്ങൾ ജമൽ യുദ്ധത്തോടെ തീരുമാനമായി. എന്നാൽ, ഹദ്റത്ത് മുആവിയയുടെ ഭിന്നത ബാക്കിയായിരുന്നു. അങ്ങനെ സ്വഫ്ഫീൻ യുദ്ധമുണ്ടായി. (ഖിലാഫത്തെ റാശിദ , അൻവാറുൽ ഉലൂം, വാല്യം 15, പേജ് 485–486)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) കുറേക്കൂടി വിശദീകരിച്ചുകൊണ്ട് പറയുന്നു: ഹദ്റത്ത് ഉഥ്മാന്റെ ഘാതകസംഘം നാലു ഭാഗത്തും പരക്കുകയും തങ്ങളെ ആരോപണങ്ങളിൽനിന്ന് രക്ഷപ്പെടുത്തുവാൻ മറ്റുള്ളവരെ അധിക്ഷേപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് അലി(റ) മുസ്‌ലിമീങ്ങളിൽനിന്ന് ബയ്അത്ത് സ്വീകരിച്ചു എന്ന് അവർക്ക് അറിവ് ലഭിച്ചപ്പോൾ അവർക്ക് അദ്ദേഹത്തിനുമേൽ ആരോപണം ഉന്നയിക്കാൻ നല്ലൊരു അവസരം കൈവന്നു. മാത്രമല്ല ഉഥ്മാന്റെ ഘാതകരിൽ ചിലർ അദ്ദേഹത്തിനു ചുറ്റും കൂടിയിരുന്നു എന്നതും വാസ്തവമാണ്. അതുകൊണ്ട് അവർക്ക് കുറ്റാരോപണം നടത്താൻ നല്ലൊരു അവസരമാണ് കിട്ടിയത്. അങ്ങനെ അവരിൽ നിന്ന് മക്കയിലേക്ക്പോയ സംഘത്തിലെ ചിലർ, ഹദ്റത്ത് ഉഥ്മാന്റെ രക്തത്തിന് പകരം ചോദിക്കാനും യുദ്ധപ്രഖ്യാപനം നടത്താനും ഹദ്റത്ത് ആഇശ(റ)യെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ അത് വിളംബരപ്പെടുത്തുകയും സഹായത്തിന് സ്വഹാബാക്കളെ വിളിക്കുകയും ചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് അലി(റ)ന് ബയ്അത്ത് ചെയ്തത്, എത്രയുംവേഗം അദ്ദേഹം ഹദ്റത്ത് ഉഥ്മാന്റെ ഘാതകരെ പിടികൂടണമെന്ന നിബന്ധനയിലായിരുന്നു. അവർ എത്രയുംവേഗം എന്നതിന് നൽകിയ വിവക്ഷിതം ഹദ്റത്ത് അലി(റ)യുടെ വീക്ഷണത്തിൽ സന്ദർഭാനുസരണമായിരുന്നില്ല.

ഹദ്റത്ത് അലി(റ) എല്ലാ പ്രവിശ്യകളിലും ഭരണസംവിധാനം ശരിയായ ശേഷം പിന്നെ ഘാതകരെ ശിക്ഷിക്കാൻ ശ്രദ്ധ ചെലുത്താമെന്നാണ് കരുതിയത്. കാരണം പ്രഥമപരിഗണന ഇസ്‌ലാമിന്റെ സംരക്ഷണത്തിനായിരുന്നു. ഘാതകരുടെ കാര്യത്തിൽ കാലവിളംബമുണ്ടാകുന്നതിൽ പ്രശ്നമൊന്നുമില്ല. മാത്രമല്ല ഘാതകരാരെന്ന് നിജപ്പെടുത്തുന്നതിലും ഭിന്നത ഉണ്ടായിരുന്നു. വിവർണരായി, ഹദ്റത്ത് അലി(റ)യുടെ അടുക്കലെത്തിയവർ ഇസ്‌ലാമിൽ ഭിന്നിപ്പുണ്ടാകുമെന്ന് ആശങ്ക വെളിപ്പെടുത്തിയിരുന്നു. അവരെ സംബന്ധിച്ച് അവരാണ് കുഴപ്പങ്ങളുടെ ഉപജ്ഞാതാക്കളെന്ന് ഹദ്റത്ത് അലി(റ) സംശയിച്ചിരുന്നില്ല. മാത്രമല്ല മറ്റുള്ളവർ അവരെപ്പറ്റി സംശയിക്കുകയാണെന്ന് അദ്ദേഹം ധരിച്ചു. ഹദ്റത്ത് അലി(റ)ക്ക് അവരെപ്പറ്റി സംശയമില്ലായിരുന്നു. എന്നാൽ, മറ്റു ചില ആളുകളെ പറ്റി സംശയമുണ്ടായിരുന്നു. ഈ ഭിന്നത കാരണം ഹദ്റത്ത് അലി(റ) തന്റെ പ്രതിജ്ഞയിൽ നിന്ന് മുഖംതിരിക്കുകയാണെന്ന് ത്വൽഹയും സുബയ്റും ധരിക്കുകയുണ്ടായി. കാരണം അവർ ഒരു നിബന്ധനയിലായിരുന്നു ബയ്അത്ത് ചെയ്തത്. ആ നിബന്ധന അവരുടെ ധാരണയിൽ ഹദ്റത്ത് അലി(റ) പൂർത്തിയാക്കുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളെ ബയ്അത്തിൽനിന്ന് സ്വതന്ത്രമാക്കപ്പെട്ടുവെന്നാണ് മനസ്സിലാക്കിയത്. ഹദ്റത്ത് ആഇശ(റ)യുടെ വിളംബരം കേട്ടപ്പോൾ അവരും ഹദ്റത്ത് ആഇശ(റ)യോടൊപ്പംകൂടി. അങ്ങനെ എല്ലാവരും കൂടി ബസ്വറയിലേക്കു നീങ്ങി. ബസ്വറയിലെ ഗവർണർ, ബസ്വറക്കാർ അവരുമായി ചേരുന്നതിനെ വിലക്കുകയുണ്ടായി. ത്വൽഹയും സുബയ്റും തൃപ്തിയില്ലാതെ നിർബന്ധിതാവസ്ഥയിൽ ഒരു നിബന്ധനക്ക് വിധേയരായിട്ടാണ് ഹദ്റത്ത് അലിക്ക്(റ) ബയ്അത്ത് ചെയ്തതെന്ന് അറിഞ്ഞപ്പോൾ അധികമാളുകളും അദ്ദേഹത്തോടൊപ്പം ചേരുകയാണുണ്ടായത്. ഹദ്റത്ത് അലിക്ക്(റ) സൈന്യത്തെ പറ്റി അറിവു ലഭിച്ചപ്പോൾ, അദ്ദേഹവും ഒരു സൈന്യത്തെ തയ്യാറാക്കി, ബസ്വറയിലേക്ക് പുറപ്പെട്ടു. ബസ്വറയിലെത്തിയശേഷം അദ്ദേഹം, ഹദ്റത്ത് ആഇശ(റ), ത്വൽഹ(റ), സുബയ്ർ(റ) എന്നിവരുടെ അടുക്കലേക്ക് ഒരാളെ അയച്ചു. അയാൾ ആദ്യം ഹദ്റത്ത് ആഇശയുടെ സവിധത്തിൽ ഹാജരായി. എന്താണ് ഇവരുടെ ഉദ്ദേശ്യമെന്ന് ആരാഞ്ഞു. അവർ പറഞ്ഞു: ഞങ്ങളുടെ ഉദ്ദേശ്യം കേവലം ഇസ്‌ലാഹ് (പരിഷ്കരണം) മാത്രമാകുന്നു. തുടർന്ന് അയാൾ ത്വൽഹയേയും സുബയ്റിനേയും വിളിച്ചുവരുത്തി. അവരോടു ചോദിച്ചു: 'നിങ്ങളും ഇതേ ലക്ഷ്യത്തിന് വേണ്ടിയാണോ വന്നിരിക്കുന്നത്?' അവർ പറഞ്ഞു: അതെ. അതായത് ഇസ്‌ലാഹിന് വേണ്ടിയാണ് വന്നിട്ടുള്ളത്. അപ്പോൾ ആഗതൻ മറുപടിയായി പറഞ്ഞു: നിങ്ങൾ ഇസ്‌ലാഹാണ് ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ അവലംബിച്ച മാർഗമല്ല അതിനു വേണ്ടത്. ഇതിന്റെ ഫലം കലഹം മാത്രമാകുന്നു. ഇപ്പോൾ രാജ്യത്തിന്റെ അവസ്ഥയിൽ നിങ്ങൾ ഒരാളെ വധിച്ചാൽ ആയിരക്കണക്കിന് ആളുകൾ അയാൾക്ക് പിന്തുണയുമായി പുറത്തിറങ്ങും. അവരെ എതിർത്താൽ കൂടുതലാളുകൾ അവരെ സഹായിക്കാൻ തയ്യാറായിവരും. ചുരുക്കത്തിൽ ഇത് ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് ആദ്യം രാജ്യത്തെ ഐക്യത്തിന്റെ ചരടിൽ ബന്ധിച്ച ശേഷം ദ്രോഹികൾക്ക് ശിക്ഷ കൊടുക്കുന്നതാണ് നല്ലത്. അല്ലാതെ അസ്വസ്ഥമായ അവസ്ഥയിൽ ആരെയെങ്കിലും ശിക്ഷിക്കുന്നത് രാജ്യത്ത് അരാജകത്വമുണ്ടാക്കുന്നതാണ്. ആദ്യം ഭരണസംവിധാനം സുസ്ഥിരമായാൽ പിന്നെ അതിന് ശിക്ഷ നൽകാവുന്നതാണ്. ഇതു കേട്ടപ്പോൾ അവർ പറഞ്ഞു: ഇതാണ് ഹദ്റത്ത് അലിയുടെ ഇംഗിതമെങ്കിൽ അദ്ദേഹത്തോട് വരാൻ പറയൂ! ഞങ്ങൾ അദ്ദേഹത്തോടൊപ്പം ചേരുവാൻ തയ്യാറാണ്. അങ്ങനെ ആഗതൻ ഹദ്റത്ത് അലിക്ക് വിവരം നൽകുകയുണ്ടായി. രണ്ടുകൂട്ടരുടെയും പ്രതിനിധികൾ എന്ന നിലയ്ക്ക് അവർ പരസ്പരം കണ്ടുമുട്ടി. യുദ്ധം ചെയ്യുന്നത് ശരിയല്ലെന്നും സ്വുൽഹ് (രഞ്ജിപ്പ്) ആണ് ഉണ്ടാകേണ്ടതെന്നുമുള്ള കാര്യത്തിൽ തീരുമാനമായി. ഇതേക്കുറിച്ച് 'സബ'യുടെ ആളുകൾക്ക് അതായത് അബ്ദുല്ല ബിൻ സബയുടെ സംഘത്തിന്, അവർ ഹദ്റത്ത് ഉഥ്മാന്റെ ഘാതകരിൽപെട്ടവരായിരുന്നു, അറിയിപ്പ് ലഭിച്ചപ്പോൾ അവർ അസ്വസ്ഥരാകുകയും രഹസ്യമായി അവരുടെ സംഘം കൂടിയാലോചനക്ക് ഒത്തുചേരുകയുംചെയ്തു. മുസ്‌ലിമീങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാകുന്നത് തങ്ങൾക്ക് വളരെയേറെ ദോഷകരമായിരിക്കുമെന്നും സമാധാന അന്തരീക്ഷമുണ്ടായാൽ തങ്ങളുടെ താവളവും രക്ഷാസങ്കേതവും നഷ്ടപ്പെടുമെന്നും മുസ്‌ലിമീങ്ങൾ പരസ്പരം പോരടിച്ചുകൊണ്ടിരിക്കുന്ന സമയമത്രയും തങ്ങൾക്ക് ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ നൽകപ്പെടുന്ന ശിക്ഷയിൽനിന്ന് രക്ഷപ്പെടാമെന്നും അതുകൊണ്ട് ഒരു കാരണവശാലും രഞ്ജിപ്പ് ഉണ്ടാകാൻ പാടില്ലെന്നും കൂടിയാലോചനക്ക്ശേഷം അവർ തീരുമാനമെടുത്തു. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അലിയും എത്തിച്ചേർന്നു. അവിടെ

എത്തി രണ്ടാംദിവസം അവിടെവച്ച് അദ്ദേഹവും ഹദ്റത്ത് സുബയ്റും തമ്മിൽ കൂടിക്കാഴ്ചയുണ്ടായി. കൂടിക്കാഴ്ചയുടെ അവസരത്തിൽ ഹദ്റത്ത് അലി(റ), സുബയ്റിനോടു പറഞ്ഞു: 'താങ്കൾ ഞാനുമായി പോരാടാൻ സൈന്യത്തെ തയ്യാറാക്കിയിരിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കാൻ വല്ല ഒഴികഴിവും തയ്യാറാക്കിവെച്ചിട്ടുണ്ടോ? നിങ്ങൾ എന്തിനാണ് ഇസ്‌ലാമിനെ നശിപ്പിക്കാൻ ഒരുങ്ങുന്നത്? അതിനെ സേവിക്കാൻ നിങ്ങൾ കഠിനമായ പ്രയത്നങ്ങൾ ചെയ്തവരല്ലേ? ഞാൻ നിങ്ങളുടെ സഹോദരനല്ലേ? എന്നിരിക്കെ ആദ്യമൊക്കെ പരസ്പരം രക്തം നിഷിദ്ധമാണെന്ന് മനസിലാക്കിയിരുന്നത് ഇപ്പോൾ എങ്ങനെയാണ് അനുവദനീയമായത്? എന്തെങ്കിലും പുതിയ കാര്യമുണ്ടായിട്ടുണ്ടെങ്കിൽ ശരിയായിരുന്നു. പക്ഷേ, ഒരു കാര്യവുമുണ്ടായിട്ടില്ലാതിരിക്കെ ഈ പോരാട്ടം എന്തിനുവേണ്ടിയാണ്? അപ്പോൾ ഹദ്റത്ത് ത്വൽഹ(റ) പറഞ്ഞു: ഞാനും ഹദ്റത്ത് സുബയ്റിന്റെ കൂടെയാകുന്നു. താങ്കൾ ജനങ്ങളെ ഹദ്റത്ത് ഉഥ്മാനെ വധിക്കാൻ പ്രേരിപ്പിച്ചിരുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ പങ്കാളിയായവരെ ഞാൻ ശപിക്കുന്നു. തുടർന്ന് ഹദ്റത്ത് അലി(റ), ഹദ്റത്ത് സുബയ്റിനോട് പറഞ്ഞു: അല്ലാഹുവാണ! താങ്കൾ ഒരിക്കൽ ഹദ്റത്ത് അലിക്കെതിരെ യുദ്ധം ചെയ്യുമെന്നും അന്ന് താങ്കൾ അക്രമിയായിരിക്കുമെന്നും നബി(സ)തിരുമേനി പറഞ്ഞത് ഓർക്കുന്നുവോ? ഇതുകേട്ടപ്പോൾ ഹദ്റത്ത് സുബയ്ർ തന്റെ സൈന്യത്തിലേക്ക് തിരിച്ചുപോവുകയും ഹദ്റത്ത് അലിയോട് യുദ്ധം ചെയ്യില്ലെന്ന് ശപഥം ചെയ്യുകയും തന്റെ കണ്ടെത്തലുകൾ തെറ്റാണെന്ന് അംഗീകരിക്കുകയും ചെയ്തു. യുദ്ധം ഉണ്ടാകില്ലെന്നും രഞ്ജിപ്പിലെത്തിയിരിക്കുകയാണെന്നുമുള്ള കാര്യം സൈന്യം അറിഞ്ഞപ്പോൾ എല്ലാവർക്കും സമാധാനമായി. എന്നാൽ, കലാപകാരികൾക്ക് വളരെയേറെ അസ്വസ്ഥതയുണ്ടാകാനും തുടങ്ങി. അവർക്ക് സ്വാഭാവികമായും അസ്വസ്ഥത ഉണ്ടാകേണ്ടതുമാണ്. രാത്രിയായപ്പോൾ, ഐക്യം ഇല്ലാതാക്കാൻ അവർ ഒരുപായം കണ്ടെത്തി. ഹദ്റത്ത് അലിയുടെ കൂട്ടത്തിലുണ്ടായിരുന്ന ഇവർ ഹദ്റത്ത് ആഇശ(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), എന്നിവരുടെ സൈന്യത്തെ ആക്രമിച്ച് രക്തച്ചൊരിച്ചിലുണ്ടാക്കി. മറുഭാഗത്തുള്ള സൈന്യമാകട്ടെ ഹദ്റത്ത് അലിയുടെ സൈന്യത്തേയും ആക്രമിച്ച് രക്തച്ചൊരിച്ചിലുണ്ടാക്കി. ഇരുഭാഗത്തും മുനാഫിഖീങ്ങൾ ചേരിതിരിഞ്ഞു ഇതിൽ ഭാഗഭാക്കായി. ഇതൊരിക്കലും ഹദ്റത്ത് ആഇശയുടേയോ, ഹദ്റത്ത് അലിയുടേയോ ഭാഗത്ത് നിന്നായിരുന്നില്ല. ഇരുകൂട്ടരും പരസ്പരം ആക്രമിച്ചു. അതിന്റെ ഫലമായി അന്തരീക്ഷം ബഹളമയമാകുകയും പരസ്പരം വഞ്ചിക്കപ്പെട്ടുവെന്ന് കരുതുകയും ചെയ്തു. വാസ്തവത്തിൽ ഇത് സബയുടെ ആളുകൾ ചെയ്ത ഗൂഢപദ്ധതിയായിരുന്നു. യുദ്ധം ആരംഭിച്ചപ്പോൾ ഹദ്റത്ത് അലി(റ) വിളിച്ചു പറഞ്ഞു: 'ഹദ്റത്ത് ആഇശക്ക് വിവരം നൽകുവിൻ! ഒരു പക്ഷേ, അവർ മുഖേന ഈ ഫിത്ന ദൂരീകരിക്കപ്പെടുന്നതാണ്.' അങ്ങനെ ഹദ്റത്ത് ആഇശയുടെ ഒട്ടകം മുന്നോട്ടു നയിക്കപ്പെട്ടു. പക്ഷേ, അതിന്റെ തിക്തഫലം കൂടുതൽ ഭയാനകമായിരുന്നു. തങ്ങളുടെ ഉപായം വീണ്ടും വിപരീത ഫലമാണുണ്ടാക്കുന്നതെന്ന് കണ്ടപ്പോൾ കലാപകാരികൾ ഹദ്റത്ത് ആഇശ(റ)യുടെ ഒട്ടകത്തിന് നേരെ അമ്പെയ്യാൻ തുടങ്ങി. ഹദ്റത്ത് ആഇശ(റ) യുദ്ധം ഒഴിവാക്കാനും അല്ലാഹുവിനേയും അന്ത്യദിനത്തേയും ഓർക്കാനും വളരെ ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു. എന്നാൽ, കലാപകാരികൾ പിന്മാറിയില്ല. അവർ തുടർച്ചയായി ആ ഒട്ടകത്തിന് നേരെ അമ്പെയ്തു കൊണ്ടിരുന്നു. ബസ്വറക്കാർ ഹദ്റത്ത് ആഇശ(റ)യുടെ കൂടെയുള്ള സൈന്യത്തിലാണുണ്ടായിരുന്നത്. അവർക്ക് ഇതുകണ്ടപ്പോൾ വളരെയേറെ ദേഷ്യംവന്നു. ഉമ്മുൽ മുഅ്മിനീനോട് ചെയ്യുന്ന അവഹേളനം കാരണം അവരുടെ കോപം അനിയന്ത്രിതമായി. അവർ ഊരിയ വാളുമായി എതിർ സൈന്യത്തെ ആക്രമിച്ചു. തുടർന്ന് ഹദ്റത്ത് ആഇശ(റ)യുടെ ഒട്ടകം, യുദ്ധകേന്ദ്രമായിമാറി. സ്വഹാബാക്കളും വലിയ വലിയ യോദ്ധാക്കളും അതിന് ചുറ്റും ഒരുമിച്ചുകൂടി. അവർ ഓരോരുത്തരായി വധിക്കപ്പെട്ടുകൊണ്ടുമിരുന്നു. എങ്കിലും അവർ ഒട്ടകത്തിന്റെ കടിഞ്ഞാൺ വിട്ടില്ല. ഹദ്റത്ത് സുബയ്ർ, യുദ്ധത്തിൽ പങ്കെടുത്തതേയില്ല. ഒരു ഭാഗത്തേക്ക് മാറിപ്പോയി. ഒരു ദുർഭഗൻ, അദ്ദേഹം നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ പിന്നിലൂടെ പോയി അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് ത്വൽഹ(റ) യുദ്ധ മൈതാനത്തുതന്നെ കലാപകാരികളാൽ വധിക്കപ്പെട്ടു. യുദ്ധം മൂർച്ഛിച്ചപ്പോൾ ഹദ്റത്ത് ആഇശ(റ)യെ മധ്യത്തിൽ നിന്നുമാറ്റാതെ യുദ്ധം അവസാനിക്കില്ലെന്ന് മനസ്സിലാക്കിയ ചിലർ അവരുടെ ഒട്ടകത്തിന്റെ കാൽവെട്ടി. പല്ലക്ക് ഇറക്കി നിലത്തുവെച്ചു. പിന്നെയാണ് യുദ്ധം അവസാനിച്ചത്. ഈ സംഭവം കണ്ടപ്പോൾ ഹദ്റത്ത് അലിയുടെ മുഖം ദുഃഖത്താൽ ചെമന്നുതുടുത്തു. പക്ഷേ, മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല. യുദ്ധം അവസാനിച്ചപ്പോൾ വധിക്കപ്പെട്ടവരിൽ ഹദ്റത്ത് ത്വൽഹയുടെ മൃതദേഹം കിട്ടി. അതു കണ്ടപ്പോൾ ഹദ്റത്ത് അലി(റ) ഏറെ ദുഃഖിതനായി. ഈ സംഭവങ്ങളിൽനിന്ന് സ്വഹാബാക്കൾക്ക് ഈ യുദ്ധത്തിൽ ഒരു പങ്കുമില്ലായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ ദ്രോഹങ്ങളെല്ലാം ഉഥ്മാന്റെ ഘാതകർ തന്നെയാണ് ചെയ്തത്. ത്വൽഹയും സുബയ്റും ഹദ്റത്ത് അലി(റ)യുടെ ബയ്അത്തിൽത്തന്നെയാണ് മരണപ്പെട്ടത്. കാരണം അവർ തങ്ങളുടെ ഉദ്ദേശ്യത്തിൽ നിന്ന് പിന്മാറുകയും ഹദ്റത്ത് അലിക്കൊപ്പം നിൽക്കാമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പക്ഷേ, ചില ദ്രോഹികളുടെ കൈകളാൽ വധിക്കപ്പെട്ടു. തുടർന്ന് ഹദ്റത്ത് അലി(റ) അവരുടെ ഘാതകരെ ശപിക്കുകയും ചെയ്തു.(അൻവാറെ ഖിലാഫത്ത്, അൻവാറുൽ ഉലൂം, വാള്യം 3, പേജ് 198–201)

ജമൽ യുദ്ധം അവസാനിച്ചപ്പോൾ ഹദ്റത്ത് അലി(റ), ഹദ്റത്ത് ആഇശ(റ)ക്ക് യാത്രാവാഹനവും പാഥേയവും തയ്യാറാക്കി. ഹദ്റത്ത് ആഇശ(റ)യെ യാത്രയാക്കാൻ സ്വയംവരികയും, ഹദ്റത്ത് ആഇശയോടൊപ്പം പോകാൻ ആഗ്രഹിക്കുന്നവരേയും യാത്രയാക്കുകയും ചെയ്തു.

ഹദ്റത്ത് ആഇശ(റ) പുറപ്പെടേണ്ട ദിവസം, ഹദ്റത്ത് അലി(റ), ഹദ്റത്ത് ആയിശ(റ)യുടെ അടുക്കലെത്തി. അവരെ ആദരിച്ചുകൊണ്ട് എഴുന്നേറ്റ് നിൽക്കുകയും ചെയ്തു. ജനങ്ങൾക്കിടയിലൂടെ ഹദ്റത്ത് ആഇശ(റ) പുറപ്പെട്ടു. അവർ പറഞ്ഞു: 'എന്റെ മക്കളേ! നമ്മൾ പ്രയാസപ്പെടുത്തിയും അതിക്രമം കാണിച്ചും പരസ്പരം വിഷമത്തിലാക്കി. മേലിൽ നമ്മുടെ ഈ അഭിപ്രായഭിന്നത കാരണം ആരുംതന്നെ പരസ്പരം അതിക്രമം കാണിക്കരുത്; പുരുഷന്മാരും ഭാര്യാവീട്ടുകാരും തമ്മിൽ ഉണ്ടാകുന്ന പൊതുവായ എന്തെങ്കിലും ചെറിയ ചെറിയ കാര്യങ്ങളല്ലാതെ. തുടക്കംമുതൽ തന്നെ എനിക്കും ഹദ്റത്ത് അലിക്കുമിടയിൽ ഒരിക്കലും ഒരു ഭിന്നതയുമുണ്ടായിട്ടില്ല. ഹദ്റത്ത് അലി എനിക്ക് നന്മകൾ സ്വായത്തമാക്കുന്നതിനുള്ള മാർഗമായിരുന്നു.' ഹദ്റത്ത് അലി(റ) പറഞ്ഞു: ജനങ്ങളേ! ഹദ്റത്ത് ആഇശ(റ) പറഞ്ഞ കാര്യങ്ങൾ നല്ലതും സത്യവുമാകുന്നു. എനിക്കും ഹദ്റത്ത് ആഇശക്കുമിടയിൽ ആ പറഞ്ഞ അഭിപ്രായ ഭിന്നത മാത്രമേ ഉണ്ടായിട്ടുള്ളു. ഹദ്റത്ത് ആഇശ ഇഹലോകത്തും പരലോകത്തും നിങ്ങളുടെ നബി(സ)തിരുമേനിയുടെ പരിശുദ്ധ ധർമ പത്നിയാകുന്നു. ഹദ്റത്ത് അലി, ഹദ്റത്ത് ആഇശയെ യാത്രയാക്കാൻ മൈലുകളോളം കൂടെപോയി. ഹദ്റത്ത് അലി തന്റെ മക്കളോട് ഹദ്റത്ത് ആഇശയോടൊപ്പം പോകാനും ഒരു ദിവസം കഴിഞ്ഞുവന്നാൽ മതിയെന്നു നിർദേശിക്കുകയും ചെയ്തിരുന്നു. (താരീഖുത്ത്വബരി, വാള്യം 3, പേജ് 60,–61, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, 1987)

ഞാൻ വായിച്ച ഈ ഉദ്ധരണികൾ ത്വിബ്രിയിലുള്ളവയാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ത്വൽഹ, നബി(സ)തിരുമേനിക്കു ശേഷവും ജീവിച്ചിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനുശേഷം മുസ്‌ലിമീങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയും ഒരു വിഭാഗം ഹദ്റത്ത് ഉഥ്മാന്റെ ഘാതകരോട് പകരം ചോദിക്കണമെന്ന് പറയുകയുമുണ്ടായി. ഈ സംഘത്തിന്റെ നേതാക്കൾ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ആഇശ(റ)യുമായിരുന്നു. എന്നാൽ, മറുവിഭാഗം പറഞ്ഞു: 'മുസ്‌ലിമീങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായിരിക്കുന്നു. മനുഷ്യൻ എന്തായാലും മരിക്കേണ്ടവനാണ്. ഇപ്പോൾ നമുക്ക് മുസ്‌ലിമീങ്ങളെ സംഘടിതമാക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഇസ്‌ലാമിന്റെ പ്രതാപവും മഹത്ത്വവും നിലനിൽക്കേണ്ടതാണ്. പിന്നീട് നമുക്ക് അവരോട് പകരം ചോദിക്കാം. ഈ സംഘത്തിന്റെ നേതാവ് ഹദ്റത്ത് അലി(റ) യായിരുന്നു. ഈ അഭിപ്രായ ഭിന്നത എത്രത്തോളം വളർന്നുവെന്നാൽ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് ആഇശയും ഹദ്റത്ത് അലി(റ), ഉഥ്മാനെ ശഹീദാക്കിയവർക്ക് സംരക്ഷണം നൽകാൻ ആഗ്രഹിക്കുകയാണെന്ന് ആക്ഷേപിക്കാൻ തുടങ്ങി. ഹദ്റത്ത് അലി(റ) ഇവരെ സംബന്ധിച്ച് അതായത് ഉടനെ പകരം ചോദിക്കണമെന്ന് പറയുന്നവർക്ക് വ്യക്തിതാൽപര്യങ്ങളാണ് വലുതെന്നും ഇസ്‌ലാമിന്റെ നേട്ടം അവർ പരിഗണിക്കുന്നില്ലെന്നും ആരോപണമുന്നയിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പിന്നീട് ഭിന്നത അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. തുടർന്ന് യുദ്ധവും ആരംഭിച്ചു. യുദ്ധത്തിലാകട്ടെ ഹദ്റത്ത് ആഇശയാണ് സൈന്യത്തെ നയിക്കുന്നത്. അവർ ഒട്ടകപ്പുറത്തിരുന്ന് ജനങ്ങളെ യുദ്ധത്തിന് പ്രേരിപ്പിക്കുന്നു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും യുദ്ധത്തിൽ ഭാഗഭാക്കായിരുന്നു. രണ്ട് വിഭാഗങ്ങൾ തമ്മിൽ യുദ്ധം തുടരുന്നതിനിടെ ഒരു സ്വഹാബി ഹദ്റത്ത് ത്വൽഹയുടെ അടുക്കൽവന്നു പറഞ്ഞു: ത്വൽഹാ! ഒരിക്കൽ ഞാനും നിങ്ങളും നബി(സ)തിരുമേനിയുടെ സവിധത്തിൽ ഇരിക്കുമ്പോൾ നബി(സ)തിരുമേനി പറഞ്ഞത് ഓർക്കുന്നുണ്ടോ? നബി(സ) തിരുമേനി പറഞ്ഞു: ത്വൽഹാ! ഒരു സമയത്ത് നീയും അലിയും വെവ്വേറെ സൈന്യത്തിലായിരിക്കും. അലി ശരിയായ പാതയിലും നീ അബദ്ധത്തിലുമായിരിക്കും. ഇതുകേട്ടപ്പോൾ ഹദ്റത്ത് ത്വൽഹക്ക് കണ്ണുതുറന്നു. അദ്ദേഹം പറഞ്ഞു: 'അതേ, എനിക്കോർമയുണ്ട്.' തുടർന്ന് അപ്പോൾതന്നെ അദ്ദേഹം സൈന്യത്തിൽനിന്ന് പിന്മാറി. നബി(സ)തിരുമേനിയുടെ വാക്കുകൾ

പൂർത്തിയാക്കാൻ അദ്ദേഹം യുദ്ധം ഉപേക്ഷിച്ച് പോകുകയായിരുന്നു. അപ്പോൾ ഹദ്റത്ത് അലിയുടെ സൈന്യത്തിൽപെട്ട ഒരു ദുർഗൻ, അദ്ദേഹത്തെ പിന്നിൽനിന്ന് കഠാരകൊണ്ട് ആക്രമിച്ച് ശഹീദാക്കി. ഹദ്റത്ത് അലി(റ) തന്റെ സ്ഥാനത്ത് ഇരിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് ത്വൽഹയുടെ ഘാതകൻ തനിക്കു വലിയ സമ്മാനം കിട്ടുമെന്ന പ്രതീക്ഷയിൽ ഓടിവന്നു പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! ഞാൻ താങ്കളുടെ ശത്രു കൊല്ലപ്പെട്ടുവെന്ന വാർത്ത അറിയിക്കുകയാണ്.' ഹദ്റത്ത് അലി(റ)ചോദിച്ചു: 'ഏത് ശത്രു?' അയാൾ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! ഞാൻ ത്വൽഹയെ വധിച്ചിരിക്കുന്നു.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഹേ മനുഷ്യാ! ഞാൻ നിനക്ക് നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്ന് നരകത്തെപറ്റി അറിയിപ്പ് നൽകുകയാണ്. കാരണം നബി(സ)തിരുമേനി ഒരിക്കൽ പറയുകയുണ്ടായി: 'ഞാനും ത്വൽഹയും ഇരിക്കുകയായിരുന്നു. ത്വൽഹാ! നീ ഒരിക്കൽ സത്യത്തിനും നീതിക്കുംവേണ്ടി അപമാനം സഹിക്കുന്നതാണ്. നിന്നെ ഒരാൾ വധിക്കുന്നതാണ്. പക്ഷേ, അയാളെ അല്ലാഹു നരകത്തിലിടുന്നതാണ്.'(ആഇൻദ വഹീ ഖൗമെ ഇസ്ലത്ത് പായേംഗെ ജോ മാലീ വ മാലീ .....അൻവാറുൽ ഉലൂം വാള്യം21, പേജ് 149-150)

പിന്നീട് സിഫ്ഫീൻ യുദ്ധമുണ്ടായി. അതിന്റെ സംഭവങ്ങളെ പറ്റി എഴുതുന്നു: ഈ യുദ്ധം ഹദ്റത്ത് അലിയും അമീർ മുആവിയായും തമ്മിൽ ഹിജരി 37 ലാണുണ്ടായത്. സിഫ്ഫീൻ, സിറിയക്കും ഇറാഖിനുമിടയിലുള്ള ഒരു സ്ഥലമാകുന്നു. ഹദ്റത്ത് അലി(റ), കൂഫയിൽനിന്ന് സൈന്യവുമായി പുറപ്പെട്ടു. സിഫ്ഫീൻ എന്ന സ്ഥലത്തെത്തിയപ്പോൾ സിറിയൻ സൈന്യം അമീർ മുആവിയായുടെ നേതൃത്വത്തിൽ നേരത്തെതന്നെ അവിടെ താവളമടിച്ചിരിക്കുന്നതാണ് കാണുന്നത്. അവരുടെ ഒരു സംഘം യൂഫ്രട്ടീസ് നദിയുടെ കടവ് പിടിച്ചെടുത്തിരുന്നു. ഹദ്റത്ത് അലി(റ), തങ്ങൾ യുദ്ധത്തിനല്ല വന്നതെന്നും മറിച്ച് അമീർ മുആവിയായുമായി ധാരണയിലെത്താനാണ് വന്നതെന്നും ഉറപ്പ് നൽകിയെങ്കിലും അമീർ മുആവിയ അതംഗീകരിച്ചില്ല. സിറിയൻ സൈന്യം ഹദ്റത്ത് അലി(റ)യുടെ സൈന്യത്തെ യൂഫ്രട്ടീസ് നദിയിൽ നിന്ന് വെള്ളമെടുക്കുന്നത് തടഞ്ഞു. അപ്പോൾ അദ്ദേഹം തന്റെ സൈന്യത്തോട് ആക്രമണത്തിന് ഉത്തരവ് നൽകി. അങ്ങനെ ഹദ്റത്ത് അലി(റ)യുടെ സൈന്യം സിറിയൻ സൈന്യത്തെ പരാജയപ്പെടുത്തുന്നതിലും നദിവരെ വഴി ഉണ്ടാക്കുന്നതിലും വിജയിക്കുകയും ചെയ്തു. മാത്രമല്ല ഹദ്റത്ത് അലി(റ), സിറിയക്കാർക്ക് യൂഫ്രട്ടീസിൽനിന്ന് വെള്ളമെടുക്കാൻ തുറന്ന അനുമതിയും നൽകി. സിറിയക്കാർ വെള്ളമെടുക്കുന്നതിൽനിന്ന് ഹദ്റത്ത് അലി(റ)യെ തടയുകയും വിലക്കുകയും ചെയ്തവരായിരുന്നു. എന്നാൽ, അദ്ദേഹം അതിന്റെ നിയന്ത്രണമേറ്റെടുത്തപ്പോൾ വെള്ളമെടുക്കുന്നതിൽനിന്ന് ആരെയും തടഞ്ഞില്ല. മറിച്ച് അനുമതി നൽകുകയാണുണ്ടായത്. ഹദ്റത്ത് അലി, ഹദ്റത്ത് ഉഥ്മാന്റെ ഘാതകരെ തന്നെ ഏൽപ്പിക്കണമെന്ന് അമീർ മുആവിയ ശാഠ്യം പിടിക്കുകയായിരുന്നു. ഒരിക്കൽ യുദ്ധമുണ്ടാകുമെന്നായപ്പോൾ ഇരുഭാഗത്തും രഞ്ജിപ്പ് ആഗ്രഹിച്ചിരുന്നവർ അത് തടയുകയുണ്ടായി. യുദ്ധം ഹിജരി 37 ൽ സഫർ മാസത്തിലാണ് ആരംഭിച്ചത്. യുദ്ധത്തിനു മുമ്പേതന്നെ അസ്വാരസ്യങ്ങളുണ്ടായിരുന്നു. അതിനാൽ ഇരുകൂട്ടരും പൊതുവായ യുദ്ധത്തിന്റെ വിനാശകരമായ പരിണിതിയെപ്പറ്റി ഭയമുള്ളവരായിരുന്നതിനാൽ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞുമാറുകയായിരുന്നു. രഞ്ജിപ്പിനുള്ള എല്ലാ സാധ്യതകളും നിലനിറുത്തുന്നതിനുവേണ്ടി ആദരണീയ മാസങ്ങളിൽ താൽക്കാലിക സുൽഹ് ആകാമെന്ന കാര്യത്തിൽ ഇരുപക്ഷവും യോജിപ്പിലെത്തി. എന്നാൽ, ഈ ഉപായവും ഫലവത്തായില്ല. അങ്ങനെ സഫർമാസം ആരംഭത്തിൽവീണ്ടും യുദ്ധത്തിനുള്ള വിളംബരമുണ്ടായി. കുറച്ചുകാലം തീർപ്പാകാതെ യുദ്ധം തുടർന്നപ്പോൾ അമീർ മുആവിയായുടെ ശക്തി ക്ഷയിക്കാൻ തുടങ്ങി. ഈ ഭയാനകമായ അവസ്ഥയിൽ ഹദ്റത്ത് അംറ് ബിൻ ആസ്(റ) അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'വിശുദ്ധ ഖുർആൻ പ്രതി കുന്തത്തിൽ ഉയർത്തിപ്പിടിച്ച് ഈ ഗ്രന്ഥമനുസരിച്ച് തീരുമാനമാകാമെന്ന് പറയാം.' തുടർന്ന് അങ്ങനെ തന്നെ ചെയ്തു. അതേ തുടർന്ന് ഹദ്റത്ത് അലി(റ)യുടെ അനുയായികൾക്കിടയിൽ ഭിന്നിപ്പുണ്ടായി. ഒരു വലിയവിഭാഗം പറഞ്ഞു: 'അല്ലാഹുവിൽനിന്ന് തീരുമാനമാകാമെന്ന് പറയുന്നത് നിരസിക്കാൻ പാടില്ല.' അങ്ങനെ ഹദ്റത്ത് അലി(റ), എല്ലാ പ്രധാന സൈന്യസംഘത്തേയും തിരികെ വിളിച്ചു. യുദ്ധം അവസാനിക്കുകയും ചെയ്തു. ഹദ്റത്ത് അലി(റ)യുടെ സൈന്യത്തിലെ ഭൂരിപക്ഷവും മൂന്നാംകക്ഷിയെ തിരഞ്ഞെടുത്ത് ഇരുഭാഗത്തുനിന്നുമുള്ള ആളുകൾ കൂടിയാലോചിച്ച് വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ ഒരു തീരുമാനത്തിലെത്തട്ടെ എന്ന അമീർ മുആവിയയുടെ അഭിപ്രായത്തെ അംഗീകരിച്ചു. ചരിത്രഗ്രന്ഥങ്ങളിൽ ഇത് തഹ്കീം(മധ്യസ്ഥനായി തിരഞ്ഞെടുക്കൽ) എന്നറിയപ്പെടുന്നു. സിറിയക്കാർ ഹദ്റത്ത് അംറ് ബിൻ ആസിനെ തിരഞ്ഞെടുത്തു. ഹദ്റത്ത് അലി(റ), ഹദ്റത്ത് അബൂമൂസാ അശ്അരിയെ നിർദ്ദേശിച്ചു. ഉടമ്പടി പത്രത്തിൽ ഒപ്പിട്ടതിനുശേഷം സൈന്യങ്ങൾ പിരിഞ്ഞുപോയി. ഇത് ഇബ്നു അഥീറിന്റെ ചരിത്രത്തിലെ ഉദ്ധരണിയാണ്.(അൽകാമിൽ ഫിത്താരീഖ്, ഇബിനുൽഅഥീർ, വാള്യം 3, പേജ് 161 -201, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)(ലുഗാത്തുൽ ഹദീഥ് വാള്യം 2, പേജ് 608, സിഫ്ഫീൻ എന്ന പദം)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഇതേപ്പറ്റി എഴുതുന്നു: ഈ യുദ്ധത്തിൽ ഹദ്റത്ത് മുആവിയായുടെ സുഹൃത്തുക്കൾ സാമർഥ്യം കാണിച്ചുകൊണ്ട്, വിശുദ്ധ ഖുർആൻ കുന്തത്തിൽ ഉയർത്തിപ്പിടിച്ചു പറഞ്ഞു: 'ഖുർആനിൽ നിന്നുള്ള തീരുമാനം ഞങ്ങൾ അംഗീകരിക്കുന്നതാണ്. അതിനുവേണ്ടി ഹക്കം അഥവാ വിധികർത്താവിനെ നിശ്ചയിക്കണം.' അപ്പോൾ ഹദ്റത്ത് ഉഥ്മാന്റെ വധത്തിൽ പങ്കാളികളായിരുന്നവർ അദ്ദേഹത്തിന്റെ ശഹാദത്ത് നടന്ന ഉടനെ സ്വരക്ഷയ്ക്കുവേണ്ടി ഹദ്റത്ത് അലിയോടൊപ്പം ചേരുകയും, മറുഭാഗം ശരിയാണ് പറയുന്നത്, അതുകൊണ്ട് തീരുമാനമെടുക്കാൻ വിധികർത്താവിനെ നിർദേശിക്കാനും അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് അലി(റ) അത് നിരാകരിച്ചു. എന്നാൽ, അവരും അവരുടെചതിയിൽ പെട്ടിരുന്ന ആളുകളും ഹദ്റത്ത് അലിയോട് വിധി കർത്താവിനെ നിശ്ചയിക്കാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ മുആവിയായുടെ ഭാഗത്തുനിന്ന് ഹദ്റത്ത് അംറ് ബിൻ ആസ്വും ഹദ്റത്ത് അലിയുടെ ഭാഗത്തുനിന്ന് ഹദ്റത്ത് അബൂമൂസാ അശ്അരിയും നിശ്ചയിക്കപ്പെട്ടു. ഈ 'തഹ്കീം' വാസ്തവത്തിൽ ഉഥ്മാന്റെ വധത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ അനുസരിച്ച് തീരുമാനമാക്കാമെന്ന നിബന്ധനയിന്മേലാണുണ്ടായത്.

അതായത് ഹദ്റത്ത് ഉഥ്മാൻ വധിക്കപ്പെട്ടിരിക്കുന്നു. അതിൽ തീരുമാനമെടുക്കണം. ഈ ഹക്കം അതിനുവേണ്ടിയാണ് നിശ്ചയിക്കപ്പെട്ടത്. വിശുദ്ധ ഖുർആൻ അനുസരിച്ച് ഘാതകരാരായാലും അവരെ ശിക്ഷിക്കുകയോ പിടികൂടുകയോ വേണം എന്ന കാര്യത്തിൽ തീരുമാനമെടുക്കണം. എന്നാൽ, അംറ് ബിൻ ആസ്വും അബൂമൂസാ അശ്അരിയും കൂടിയാലോചിച്ച് തീരുമാനം എടുത്തത്, തങ്ങൾ രണ്ടുപേരും ചേർന്ന് ഹദ്റത്ത് അലിയേയും ഹദ്റത്ത് മുആവിയായേയും അവരുടെ നേതൃസ്ഥാനത്ത് നിന്ന് സ്ഥാനഭ്രഷ്ടരാക്കാമെന്നാണ്. 'തഹ്കീം' ഉണ്ടാക്കിയതുതന്നെ ഹദ്റത്ത് ഉഥ്മാന്റെ വധത്തെ സംബന്ധിച്ച് തീരുമാനമെടുക്കാനായിരുന്നു. എന്നാൽ, ഇവിടെ ഹകമയ്ൻ(മധ്യസ്ഥർ), രണ്ടുപേരെയും (മുആവിയേയും അലിയേയും) സ്ഥാനഭ്രഷ്ടരാക്കാമെന്നും ബാക്കി പിന്നെ നോക്കാമെന്നുമാണ് തീരുമാനിച്ചത്. എന്തുകൊണ്ടെന്നാൽ, അവരുടെ വീക്ഷണത്തിൽ മുസ്ലിമീങ്ങൾ ഇവർ ഇരുവരും കാരണം പ്രയാസത്തിൽ അകപ്പെടുകയാണ്. ആയതിനാൽ അവരെ നീക്കിയാൽ മുസ്‌ലിമീങ്ങൾ സ്വതന്ത്രമായി ആരെയെങ്കിലും ഖലീഫയായി തീരുമാനിക്കുന്നതാണ്. വാസ്തവത്തിൽ അവർ അതിനുവേണ്ടിയല്ല നിശ്ചയിക്കപ്പെട്ടിരുന്നത്. മധ്യസ്ഥർ അങ്ങനെ ചിന്തിക്കാൻ തുടങ്ങിയതുതന്നെ തെറ്റായിരുന്നു. അവർ അതിനുവേണ്ടിയല്ല നിയോഗിക്കപ്പെട്ടത്. ഏതായിരുന്നാലും അവർ തീരുമാനം പ്രഖ്യാപിക്കുന്നതിന് വേണ്ടി പൊതുയോഗം വിളിച്ചുകൂട്ടി. ഹദ്റത്ത് അംറ് ബിൻ ആസ്, ഹദ്റത്ത് അബൂമൂസാ അശ്അരിയോട് പറഞ്ഞു: 'താങ്കൾ ആദ്യം താങ്കളുടെ തീരുമാനം പ്രഖ്യാപിക്കുക. തുടർന്ന് ഞാൻ വിളംബരപ്പെടുത്താം.' അങ്ങനെ ഹദ്റത്ത് അബൂമൂസാ, ഹദ്റത്ത് അലി(റ)യെ സ്ഥാനഭ്രഷ്ടനാക്കുന്നതായി വിളംബരപ്പെടുത്തി. അതിനുശേഷം ഹദ്റത്ത് അംറ് ബിൻ ആസ് എഴുന്നേറ്റുനിന്നു പറഞ്ഞു: 'അബൂമൂസാ, ഹദ്റത്ത് അലിയെ ഖിലാഫത്ത് സ്ഥാനത്തുനിന്ന് സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു. ഞാനും അതിനോട് യോജിക്കുന്നു. ഹദ്റത്ത് അലിയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യുന്നു. എന്നാൽ, ഞാൻ മുആവിയായെ സ്ഥാനഭ്രഷ്ടനാക്കുന്നില്ല. മറിച്ച് അദ്ദേഹത്തെ അദ്ദേഹത്തിന്റെ നേതൃസ്ഥാനത്ത് നിലനിറുത്തുകയാണ്.'ഹദ്റത്ത് അംറ് ബിൻ ആസ് സ്വതവേ വളരെ നല്ല മനുഷ്യനായിരുന്നു. പക്ഷേ, ഇവിടെ ആ നേരത്ത് .........ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: എന്തുകൊണ്ടാണ് ഇത്തരം തീരുമാനത്തിലെത്തിയതെന്ന കാര്യം ചർച്ചചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നന്മയുള്ള ആളായിട്ടും എന്തുകൊണ്ടോ ജനങ്ങളുടെ വർത്തമാനത്തിൽപ്പെട്ട് പോയതാണോ അതല്ല മറ്റെന്തെങ്കിലും കാര്യമാണോ എന്നത് വേറെകാര്യം. അതുകൊണ്ട് അതിന്റെ ചർച്ചയിലേക്ക് പോകുന്നില്ല. ഏതായാലും അദ്ദേഹത്തിന്റെ തീരുമാനം തെറ്റായിരുന്നു. ഈ തീരുമാനം വന്നപ്പോൾ മുആവിയായുടെ ആളുകൾ, വിധിതീർപ്പുകാരായി നിശ്ചയിക്കപ്പെട്ടവർ അലിക്കു പകരം മുആവിയക്ക് അനുകൂലമായി തീരുമാനിച്ചത് ശരിയാണെന്ന് പറഞ്ഞു തുടങ്ങി. പക്ഷേ, ഹദ്റത്ത് അലി(റ) തീരുമാനം അംഗീകരിക്കാൻ വിസമ്മതിച്ചുകൊണ്ട് പറഞ്ഞു: 'ഹക്കം'(വിധികർത്താക്കൾ) ഈ തീരുമാനത്തിന് വേണ്ടിയല്ല നിശ്ചയിക്കപ്പെട്ടത്. മാത്രമല്ല അവരുടെ ഈ തീരുമാനം വിശുദ്ധ ഖുർആനിന്റെ കൽപ്പനയ്ക്ക് അനുസൃതവുമല്ല. അപ്പോൾ ഹദ്റത്ത് അലി(റ)യോട് ഹക്കം നിശ്ചയിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടായിരുന്ന അദ്ദേഹത്തിന്റെ കൂടെയുള്ള കപടവിശ്വാസികൾ

എന്തിനാണ് മധ്യസ്ഥനെ നിശ്ചയിച്ചതെന്നും ദീനി കാര്യങ്ങളിൽ മധ്യസ്ഥനെ നിശ്ചയിക്കാൻ പാടില്ലെന്നും പറഞ്ഞു ബഹളമുണ്ടാക്കാൻ തുടങ്ങി. ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഒന്നാമത്തെ കാര്യം ആദ്യം വിശുദ്ധ ഖുർആനനുസരിച്ച് തീരുമാനിക്കുമെന്ന് ഉടമ്പടിയിൽ ഉണ്ടായിരുന്നു. അത് അവർ പാലിച്ചില്ല. ഖുർആൻ അനുസരിച്ച് തീരുമാനമുണ്ടായതേയില്ല. രണ്ടാമത്തെ സംഗതി, നിങ്ങളുടെ നിർബന്ധം കാരണമാണ് മധ്യസ്ഥൻ നിശ്ചയിക്കപ്പെട്ടത്. ഇപ്പോൾ എന്തിനാണ് ഹക്കം നിശ്ചയിച്ചതെന്ന് നിങ്ങൾതന്നെ ചോദിക്കുകയാണോ?' അവർ പറഞ്ഞു: 'ഞങ്ങൾ എന്തെങ്കിലും പറഞ്ഞിരിക്കാം. ഞങ്ങൾ പറഞ്ഞത് ഞങ്ങളുടെ തെറ്റ്. പക്ഷേ, താങ്കൾ അത് എന്തിനാണ് അംഗീകരിച്ചത്?' കലാപമുണ്ടാക്കുന്ന കപടവിശ്വാസികളായ ഇവർ പറഞ്ഞതിന്റെ പൊരുൾ, ഞങ്ങൾ തിന്മ ചെയ്യുന്നവരായി, ഞങ്ങളോടൊപ്പം താങ്കളും തിന്മ ചെയ്തിരിക്കുന്നു. ഞങ്ങളും തെറ്റുചെയ്തു, താങ്കളും തെറ്റു ചെയ്തിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ തെറ്റിൽ പ്രായശ്ചിത്തം ചെയ്യുന്നു. താങ്കളും അതുപോലെ തൗബ ചെയ്യുന്നതാണ് കരണീയം. താങ്കൾ ചെയ്തത് അനാവശ്യമായിരുന്നുവെന്ന് അംഗീകരിക്കണം.' അതായത് ഹദ്റത്ത് അലി(റ) അത് നിഷേധിച്ചാൽ അദ്ദേഹം ഇസ്‌ലാമിക കൽപ്പനയെ ധിക്കരിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ബയ്അത്തിൽനിന്ന് പിന്മാറാമെന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇനി തന്റെ തെറ്റു സമ്മതിച്ച് തൗബ ചെയ്താൽ അദ്ദേഹത്തിന്റെ ഖിലാഫത്ത് അസ്ഥാനത്താകുന്നതുമാണ്. കാരണം ഇത്രയും വലിയ തെറ്റുചെയ്തയാൾ എങ്ങനെയാണ് ഖലീഫയായിരിക്കുക? ഹദ്റത്ത് അലി(റ) കാര്യങ്ങളെല്ലാം കേട്ടുകഴിഞ്ഞപ്പോൾ പറഞ്ഞു: 'ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. ഞാൻ ഏതുകാര്യത്തിനുവേണ്ടിയാണോ മധ്യസ്ഥനെ നിശ്ചയിച്ചത്. അത് ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അനുവദനീയമാകുന്നു. ഹക്കമിനെ നിശ്ചയിക്കുമ്പോൾ ഞാൻ പറഞ്ഞ നിബന്ധന, അവരുടെ തീരുമാനം ഖുർആനും ഹദീഥുമനുസരിച്ചാണെങ്കിൽ സ്വീകരിക്കുമെന്നും അല്ലെങ്കിൽ സ്വീകരിക്കുകയില്ലെന്നുമായിരുന്നു. അതിനാൽ ഇപ്പോൾ വന്നിരിക്കുന്ന തീരുമാനം ഒരു കാരണവശാലും ഞാൻ അംഗീകരിക്കുന്നില്ല. അവർ ഈ നിബന്ധന പരിഗണിച്ചില്ല. മാത്രമല്ല അവർ എന്തിനാണോ നിയോഗിക്കപ്പെട്ടത് അക്കാര്യത്തിൽ തീരുമാനമുണ്ടാക്കിയിട്ടുമില്ല. അതുകൊണ്ട് അവരുടെ തീരുമാനം എനിക്ക് ന്യായപൂർത്തി അല്ല.' എന്നാൽ, അവർ ഹദ്റത്ത് അലിയുടെ ഈ പ്രതിഷേധം അംഗീകരിച്ചില്ല. ബയ്അത്തിൽനിന്ന് അകന്നുപോയി. അവരാണ് 'ഖവാരിജുകൾ'എന്ന് അറിയപ്പെട്ടത്. അവർ ഒരു പുതിയ വീക്ഷണം കൊണ്ടുവന്നു. അതായത് അനുസരണയോഗ്യനായ ഖലീഫയല്ല, മറിച്ച് ബഹുഭൂരിപക്ഷം മുസ്‌ലിമീങ്ങളുടേയും തീരുമാന പ്രകാരം കാര്യങ്ങൾ ചെയ്യേണ്ടതാണ്. കാരണം ഏതെങ്കിലും വ്യക്തിയെ അമീർ അല്ലെങ്കിൽ അനിഷേധ്യ നേതാവായി അംഗീകരിക്കുന്നത് ലാ ഹുക്മ ഇല്ലാ ലില്ലാഹ്(അല്ലാഹുവിന്റെവിധി അല്ലാതെ മറ്റൊരുവിധിയുമില്ല) എന്നതിന് വിരുദ്ധമാകുന്നു.'(ഖിലാഫത്തെ റാശിദ, അൻവാറുൽ ഉലൂം, വാല്യം 15, പേജ് 486–488)

ഹിജ്റി 38 ൽ 'നഹ്ർവാൻ' യുദ്ധം നടന്നു. നഹ്ർവാൻ, ബഗ്ദാദിനും വാസ്ത്വക്കും ഇടയിലാകുന്നു. ഈ സ്ഥലത്ത് വച്ചാണ് ഹദ്റത്ത് അലിയും ഖവാരിജീങ്ങളും തമ്മിൽ യുദ്ധം ഉണ്ടായത്.(മുഅ്ജമുൽബുൽദാൻ, വാല്യം 5 പേജ് 375, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഇബ്നു അഥീറിന്റെ ചരിത്ര പുസ്തകത്തിൽ ഇങ്ങനെ വിവരിക്കുന്നു: 'സ്വഫ്ഫീൻ യുദ്ധത്തിൽ സമാധാന സന്ധിക്കുവേണ്ടി ഹദ്റത്ത് അലിയുടെ ഭാഗത്തുനിന്ന് അബൂമൂസാഅശ്അരിയും അമീർ മുആവിയായുടെ ഭാഗത്തുനിന്ന് അംറ് ബിൻ ആസും ഹക്കം (മധ്യസ്ഥർ) ആയി നിയോഗിക്കപ്പെട്ടു. ചരിത്രത്തിൽ ഈ സംഭവം 'തഹ്കീം'എന്നറിയപ്പെടുന്നു. തഹ്കീം സംബന്ധിച്ച് ഹദ്റത്ത് അലിയുടെ സൈന്യത്തിൽ ഒരു വിഭാഗം ഭിന്നിച്ച്,കലാപമുണ്ടാക്കിവേർപെട്ടുപോയി. ഇവർ ഖവാരിജീങ്ങൾ എന്നറിയപ്പെടുന്നു. ഈ ഖവാരിജീങ്ങൾ തഹ്കീം പാപമാണെന്ന് പ്രഖ്യാപിച്ചു ഹദ്റത്ത് അലി പശ്ചാത്തപിക്കണമെന്നും ഖിലാഫത്തിൽനിന്ന് സ്വയം സ്ഥാനഭ്രഷ്ടനാകണമെന്നും ആവശ്യപ്പെട്ടു. പക്ഷേ, അദ്ദേഹം അത് നിരാകരിച്ചു. ഹദ്റത്ത് അലി, അമീർ മുആവിയായെ എന്തുകൊണ്ടാണ് നിഷേധിച്ചത് എന്നതിനെ പറ്റിയുള്ള വിശദീകരണം നേരത്തെ വന്നതാണ്. ഹദ്റത്ത് അലി, അമീർ മുആവിയാക്കെതിരിൽ വീണ്ടും സിറിയയിലേക്ക് നീങ്ങാനുള്ള തയ്യാറെടുപ്പിൽ വ്യാപൃതനായിരുന്നു. അപ്പോൾ ഖവാരിജീങ്ങൾ കലാപമുണ്ടാക്കാൻ തുടങ്ങി. അവർ അബ്ദുല്ലാഹ് ബിൻ വഹ്ബിനെ തങ്ങളുടെ ഇമാമാക്കി. കൂഫയിൽനിന്ന് നഹ്ർവാനിലേക്ക് പുറപ്പെട്ടു. ഖവാരിജീങ്ങൾ ബസ്റയിലും തങ്ങളുടെ സംഘത്തെ വിന്യസിച്ചിരുന്നു. അവർ പിന്നീട് നഹ്ർവാനിൽ അബ്ദുല്ലാഹ് ബിൻ വഹ്ബിന്റെ സൈന്യത്തിൽകൂടിച്ചേർന്നു. നബി(സ) തിരുമേനിയുടെ സ്വഹാബിയായ അബ്ദുല്ലാഹ് ബിൻ ഖബ്ബാബിനെ ഹദ്റത്ത് അലിയുടെ പക്ഷക്കാരനാണെന്ന് പറഞ്ഞ് വധിച്ചു. അദ്ദേഹത്തിന്റെ ഗർഭിണിയായ ഭാര്യയെ വയറു കീറി വളരെ നിഷ്ഠൂരമായി കൊലപ്പെടുത്തി. ത്വയ് ഗോത്രത്തിലെ മൂന്ന് സ്ത്രീകളേയും വധിക്കുകയുണ്ടായി. ഹദ്റത്ത് അലിക്ക് ഈ അവസ്ഥകളെ സംബന്ധിച്ച അറിവ് ലഭിച്ചപ്പോൾ കാര്യങ്ങൾ അന്വേഷിക്കാൻ ഹാരിഥ് ബിൻ മർറയെ അവിടേക്ക് പ്രതിനിധിയായി അയച്ചു. പക്ഷേ, ഖവാരിജീങ്ങൾ അദ്ദേഹത്തെയും വധിച്ചു. ഈ അവസ്ഥകൾ കണ്ടപ്പോൾ ഹദ്റത്ത് അലി(റ), സിറിയയിലേക്ക് നീങ്ങാനുള്ള തീരുമാനം ഉപേക്ഷിക്കുകയും സിറിയയിലേക്ക് പോകാൻ തയ്യാറാക്കിയ ഏകദേശം അറുപത്തി അയ്യായിരം സൈനികരുമായി ഖവാരിജീങ്ങളെ നേരിടാൻ പുറപ്പെടുകയും ചെയ്തു. അവർ നഹ്ർവാൻ എന്ന സ്ഥലത്തെത്തിയപ്പോൾ ഖവാരിജീങ്ങളെ ഐക്യത്തിന് ക്ഷണിച്ചു. ഹദ്റത്ത് അബൂ അയ്യൂബ് അൻസാരിക്ക് പതാക നൽകിക്കൊണ്ട് പറഞ്ഞു: 'ഈ കൊടിയുടെ സംരക്ഷണത്തിൽ വരുന്നവരോട് യുദ്ധം ചെയ്യുന്നതല്ല.' ഈ വിളംബരം കേട്ടപ്പോൾ നാലായിരം പേരുള്ള ഖവാരിജീങ്ങളിൽ നൂറ് പേർ ഹദ്റത്ത് അലിയോടൊപ്പം ചേർന്നു. ഒരു വലിയ വിഭാഗം കൂഫയിലേക്ക് തിരിച്ചുപോയി. കേവലം ആയിരത്തി എണ്ണൂർ പേർ അബ്ദുല്ലാഹ് ബിൻ വഹ്ബ് ഖാരിജിയുടെ നേതൃത്വത്തിൽ മുന്നോട്ടുനീങ്ങി. ഹദ്റത്ത് അലിയുടെ അറുപത്തി അയ്യായിരം സൈന്യവുമായി യുദ്ധം ചെയ്തു. എല്ലാ ഖവാരിജീങ്ങളും കൊല്ലപ്പെട്ടു. ഹദ്റത്ത് ഉംറ ബിൻത് അബ്ദുർറഹ്മാൻ പറയുന്നു: ഹദ്റത്ത് അലി(റ), ബസ്വറയിലേക്ക് പുറപ്പെട്ടപ്പോൾ യാത്ര ചോദിക്കാൻ നബി(സ) തിരുമേനിയുടെ ധർമപത്നി ഹദ്റത്ത് ഉമ്മു സൽമയുടെ സവിധത്തിലെത്തി. അവർ ഹദ്റത്ത് അലിയോടു പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ സഹായസംരക്ഷണത്തിൽ യാത്രയായാലും! അല്ലാഹുവാണ! താങ്കൾ സത്യത്തിലും സത്യം താങ്കളോടൊപ്പവുമാകുന്നു. നബി(സ)തിരുമേനി ഞങ്ങളോട് വീട്ടിൽതന്നെ തങ്ങാൻ കല്പിച്ചിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയാണെന്ന ആശങ്ക ഇല്ലായിരുന്നുവെങ്കിൽ ഞാനും താങ്കളോടൊപ്പം വരുമായിരുന്നു. എന്നാൽ, അല്ലാഹുവാണ! ഞാൻ എന്റെ മകൻ ഉമറിനെ താങ്കളോടൊപ്പം അയക്കുന്നു. എന്റെ വീക്ഷണത്തിൽ അവൻ ഏറ്റവും നല്ലവനും എനിക്ക് ജീവനേക്കാൾ പ്രിയങ്കരനുമാകുന്നു.'

ഏതായിരുന്നാലും ഈ വിഷയം തുടരുകയാണ്. ഇനിയും അടുത്ത ആഴ്ച തുടരുന്നതായിരിക്കും. ഇൻശാ അല്ലാഹ്.

ഇന്നും ഞാൻ പാകിസ്താനിലേയും അൾജീരിയായിലേയും അഹ്മദികൾക്കുവേണ്ടി ദുആക്ക് പറയാൻ ആഗ്രഹിക്കുന്നു. അൽജീരിയായിൽനിന്ന് ഒരു സന്തോഷ വാർത്തയുമുണ്ട്. കഴിഞ്ഞ ദിവസം, രണ്ടു മൂന്നുദിവസങ്ങളിലായി കള്ളക്കേസുകളിൽ കുടുക്കിയിരുന്ന നിരവധി അഹ്മദികളെ വിവിധ കോടതികൾ നിരപരാധികളാണെന്ന് വിധിച്ചിരിക്കുന്നു. അല്ലാഹു നീതിമാന്മാരായ ജഡ്ജിമാർക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. അഹ്മദികൾക്കുമേൽ കള്ളക്കേസുകളുണ്ടാക്കുന്ന മറ്റു സംവിധാനങ്ങൾക്കും നീതിപീഠങ്ങൾക്കും നീതിപൂർവ്വം പ്രവർത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

പാകിസ്താനിലെ ചില ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും നീതിയിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നു. തങ്ങളുടെ അധികാരം അനാവശ്യമായി ഉപയോഗിക്കുന്നു. അല്ലാഹു അവർക്ക് തങ്ങളുടെ ഹൃദയത്തിൽനിന്ന് വെറുപ്പും വിദ്വേഷവും അകറ്റി കാര്യങ്ങൾ യഥാവിധി കാണാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അല്ലാഹുവിന്റെ പക്കൽ പരിഷ്കരണം വിധിക്കപ്പെട്ടിട്ടില്ലാത്തവരെ പിടികൂടാൻ അല്ലാഹു തന്നെ വേഗം സാഹചര്യമൊരുക്കട്ടെ. അല്ലാഹു പാകിസ്താനിലും സമാധാനവും ശാന്തിയും ഉണ്ടാക്കുമാറാകട്ടെ. പാകിസ്താനി അഹ്മദികളും പാകിസ്താനിൽ വസിക്കുന്ന അഹ്മദികളും പ്രത്യേകമായി നഫലുകളിലും ദുആകളിലും ശക്തിചെലുത്തേണ്ടതാണ്. ഈ ദു

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന്. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിൽ ഒരാൾ യാചന കാരണമായി അല്ലാഹുവെ കണ്ടുമുട്ടുമ്പോൾ അയാളുടെ മുഖത്ത് മാംസത്തിന്റെ ഒരു തുണ്ടുപോലും ഉണ്ടാവുകയില്ല.' (മുസ്‌ലിം, ഹദീഥ് 558)**

## തിരുനബിയുടെ തിരുമൊഴികൾ:

**അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസിൽനിന്ന്: നബി(സ)തിരുമേനി പറഞ്ഞു: 'ഇസ്‌ലാം സ്വീകരിക്കുകയും മിതമായ തോതിൽ വിഭവങ്ങൾ ലഭിക്കുകയും കിട്ടിയതിൽ അല്ലാഹു സംതൃപ്തി നല്കുകയും ചെയ്തവൻ വിജയിച്ചിരിക്കുന്നു.' (മുസ്‌ലിം, ഹദീഥ് 556)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ആകളിൽ **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വറഹംനീ** വളരെയധികം ചൊല്ലുക. **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം** എന്ന ദുആയും അധികമധികമായി ചൊല്ലുക. സ്വലാത്ത് ചെല്ലുന്നതിലേക്കും ശ്രദ്ധിക്കുക. ഇന്ന് അത് വളരെ അത്യാവശ്യമാണ്. ഞാൻ പറഞ്ഞതുപോലെ നഫ്ലുകളും അനുഷ്ഠിക്കുക. അല്ലാഹു അവർക്ക് തൗഫീഖ് അതിന് നൽകുമാറാകട്ടെ.

ഇന്ന് നമസ്കാരങ്ങൾക്കുശേഷം ചില ജനാസ നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതാണ്. ഇതിൽ ആദ്യത്തേത് ഹുംദ അബ്ബാസ് സാഹിബയുടേതാണ്. ഇവർ ഖയ്ർപൂരിലെ അബ്ബാസ് ബിൻ അബ്ദുൽ ൽഖാദിർ ശഹീദ് സാഹിബിന്റെ ഭാര്യയാകുന്നു. നവംബർ 29-ന് 91-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇവരുടെ പിതാവ് ഡോക്ടർ മുഹമ്മദ് ഇബ്റാഹിം സാഹിബ് കിംഗ് എഡ്വേർഡ് മെഡിക്കൽ കോളേജിൽ പഠിക്കുമ്പോൾ 1926 ൽ തന്റെ അഹ്മദി സുഹൃത്തിൽ ആകൃഷ്ടനാ യി തന്റെ ഭാര്യയോടൊപ്പം ഹദ്റത്ത് മുസ്ലിഹ് മൗഊദിന് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. 1951 മെയ് മാസം ഹുംദ സാഹിബയുടെ വിവാഹം നടന്നു. പ്രൊഫസർ അബ്ബാസ് അബ്ദുൽഖാദിർ സാഹിബ്, ഹദ്റത്ത് മൗലാനാ അബ്ദുൽ മാജിദ് സാഹിബിന്റെ പൗത്രനാകുന്നു. മാത്രമല്ല ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)യുടെ ഭാര്യ ഹദ്റത്ത് സാറാബേഗം സാഹിബയുടെ മൂത്ത സഹോദരൻ പ്രൊഫസർ അബ്ദുൽ ഖാദിർ സാഹിബിന്റെ മകനും ആകുന്നു. 1974 ൽ ഇവരുടെ ഭർത്താവ് പ്രൊഫസർ അബ്ദുൽ ഖാദിർ സാഹിബിനെ ശഹീദാക്കിയിരുന്നു. തുടർന്ന് വളരെ ക്ഷമാപൂർവ്വം ഇവർ ജീവിച്ചു. ക്ഷമ കാണിക്കുക മാത്രമല്ല, ദൈവേച്ഛയിൽ തൃപ്തിപ്പെട്ടു കഴിയുകയും ചെയ്തു. അവരുടെ ഭർത്താവിന്റെ ശഹാദത്തിൽ, മാതാവിന്റെ സഹോദരീ പുത്രനായ അനഹ്മദി അനുശോചന കത്തിലെഴുതി, 'വളരെ നല്ല മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ പര്യവസാനവും ഹിദായത്തിൽ ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.' ഹുംദാ സാഹിബ അതിനുള്ള മറുപടിയിലെഴുതി: 'എന്റെ ഭർത്താവ് ജീവൻ വെടിഞ്ഞത് സന്മാർഗത്തിലാണെന്നതിൽ എനിക്ക് അഭിമാനമുണ്ട്.'

ഹുംദാ സാഹിബയുടെ സ്കൂൾകാലത്തെ കൂട്ടുകാരി ശരീഫ സാഹിബ പിന്നീട് പാകിസ്താൻ പ്രസിഡന്റ് ജനറൽ സിയാഉൽഹഖിന്റെ ഭാര്യയായിരുന്നു. അവർ തന്റെ ഭർത്താവ്, സിയാഉൽഹഖ് പ്രസിഡന്റായശേഷം പറഞ്ഞു: 'എല്ലാവരും എന്നെ കാണാൻ വരുന്നു. എന്നാൽ, ഹുംദാ മാത്രം വരുന്നില്ല.' ഹുംദാ സാഹിബ ഇത് കേൾക്കാൻ ഇടവന്നപ്പോൾ പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അദ്ദേഹത്തിന്റെ ജമാഅത്തിനോടും ശത്രുത പുലർത്തുന്ന ഒരാളുടെ ഭാര്യയെ കാണാൻ എനിക്ക് ഒരു ആഗ്രഹവുമില്ല.' പിന്നീടൊരിക്കലും കാണാൻ പോയിട്ടുമില്ല.

അവർ നിരവധി സൽഗുണങ്ങളുള്ള മഹതിയായിരുന്നു. വളരെയേറെ വൃത്തിയും വെടിപ്പും പെരുമാറ്റവും നല്ല ആത്മാർഥതയുമുള്ള സ്ത്രീയായിരുന്നു. നമസ്കാരം, നോമ്പ് തുടങ്ങി കാര്യങ്ങളിൽ എപ്പോഴും ശുഷ്കാന്തി കാണിച്ചിരുന്നു. കുട്ടികൾക്കും ഈ സ്വഭാവം ഉണ്ടാക്കിക്കൊടുത്തു. വേഗം ചന്ദ കൊടുത്തിരുന്നു. ദാനധർമത്തിന് എപ്പോഴും തയ്യാറായിരുന്നു. റമളാനിൽ നിരവധി ആളുകൾക്ക് തന്റെ സ്വന്തംവീട്ടിൽ നോമ്പുതുറക്കാൻ ഏർപ്പാടു ചെയ്തിരുന്നു. ഖിലാഫത്തിനോട് അനുപമമായ ബന്ധവും സ്നേഹവും അനുരക്തിയുമായിരുന്നു. സ്വന്തം കൈപ്പടയിൽ എനിക്ക് കൃത്യമായി കത്തയച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തിലെ മറ്റു പുസ്തകങ്ങളും അൽ ഫള്ൽ പത്രവും അവസാന കാലംവരേയും വായിക്കാറുണ്ടായിരുന്നു. 2006 ൽ അവരുടെ ചെറിയമകൾ ഡോക്ടർ ആമിറ: റോഡപകടത്തിൽ മരണപ്പെട്ടു. ഈ ദുഃഖവും വളരെ സംയമനത്തോടെ സഹിക്കുകയും സഹനത്തിന്റെ മാതൃക കാഴ്ചവെക്കുകയും ചെയ്തു. എല്ലാ ബന്ധുമിത്രാദികളും അവരുടെ നിരവധി നന്മകൾ കാരണം അവരെ സ്നേഹിച്ചിരുന്നു. അനഹ്മദീ ബന്ധുക്കൾക്കും അവരുമായി വളരെ സ്നേഹമായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. അവർ അമേരിക്ക, കനഡ, നോർവെ എന്നിവിടങ്ങളിലാണുള്ളത്.

അല്ലാഹു അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും തലമുറകൾക്കും അവരുടെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ. മർഹൂമയുടെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ഇറാഖിലെ രിള്വാൻ സയ്യിദ് നയീമി സാഹിബിന്റേതാണ്. നവംബർ 13 ന് 70 -ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹത്തിന്റെ മകൻ മുസ്തഫാ നയീമി സാഹിബെഴുതുന്നു: എന്റെ പിതാവ് സ്വപ്നത്തിൽ ഹദ്റത്ത് സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി സാഹിബിന്റെ അടുക്കൽ ഇരിക്കുന്നത് കണ്ടു. അദ്ദേഹം എന്റെ പിതാവിന് തന്റെ ചെരുപ്പ് നൽകുകയുണ്ടായി. എന്റെ പിതാവ് സയ്യിദ് അബ്ദുൽഖാദിർ ജീലാനിയുടെ ചെരുപ്പ് ധരിക്കാൻ തനിക്കെന്ത് അർഹതയാണുള്ളതെന്ന് പറഞ്ഞ് അത് വാങ്ങാൻ വൈമനസ്യം പ്രകടിപ്പിച്ചു. എന്നാൽ, സയ്യിദ് അബ്ദുൽഖാദിർ ജീലാനി നിർബന്ധിച്ചപ്പോൾ പിന്നെ അതു വാങ്ങി ധരിച്ചു. ചെരുപ്പ് ഇട്ടപ്പോൾ സയ്യിദ് അബ്ദുൽഖാദിർ ജീലാനി ഒരാളെയും അദ്ദേഹത്തോടൊപ്പമുള്ള ജമാഅത്തിനെയും ചൂണ്ടിക്കൊണ്ട് അതിൽ ചേരാൻ പിതാവിനോട് പറഞ്ഞു. ഇതിനുശേഷം രിള്വാൻ നയീമി സാഹിബിന് നബി(സ) തിരുമേനിയുമായി കൂടിക്കാഴ്ചയുമുണ്ടായി. ഏതാനും വർഷങ്ങൾക്കുശേഷം എം.ടി.എ മുഖേന ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞപ്പോൾ രിള്വാൻ സാഹിബ് പറഞ്ഞു: ഞാൻ സ്വപ്നത്തിൽ നബി(സ)തിരുമേനിയെ കണ്ടതുകൊണ്ടുള്ള വിവക്ഷിതം നബി(സ)തിരുമേനിയുടെ സത്യദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനമാകുന്നു. മറ്റൊരു സ്വപ്നത്തിൽ ഒരാളെയും അയാളോടൊപ്പമുള്ള ജമാഅത്തിനേയും ശേഖ് അബ്ദുൽഖാദിർ ജീലാനി ചൂണ്ടിക്കാണിച്ച് അതിൽ ചേരാൻ പറഞ്ഞതിന്റെ വിവക്ഷിതം ഖലീഫത്തുൽ മസീഹും അദ്ദേഹത്തിന്റെ ജമാഅത്തുമാകുന്നു. അങ്ങനെ 2012 ൽ അദ്ദേഹം ബയ്അത്ത് ചെയ്തു.

മർഹൂം വളരെ നല്ല വ്യക്തിയും ബന്ധുമിത്രാദികളെ സഹായിക്കുന്ന ആളുമായിരുന്നു. തബ്ലീഗിൽ നല്ല ആവേശമായിരുന്നു. ആരോഗ്യം മോശമായിരുന്നെങ്കിലും ജനങ്ങളുടെ എതിർപ്പുണ്ടായിട്ടും തന്റെ പ്രദേശത്ത് അഹ്മദിയ്യത്തിന്റെ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ എപ്പോഴും കുടുംബത്തെ ഉപദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ മകനും ഭാര്യയും ഭാര്യാസഹോദരനും ബയ്അത്ത് ചെയ്തിട്ടുണ്ട്. അല്ലാഹു അവർക്ക് സ്ഥൈര്യം നൽകുമാറാകട്ടെ. അവർക്ക് മർഹൂമിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ. മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ജില്ല സർഗോദയിലെ മലിക്ക് അലി മുഹമ്മദ് ഹജ്ക സാഹിബിന്റേതാകുന്നു. ഇദ്ദേഹം കെനിയയിലെ മുറബ്ബി മുഹമ്മദ് അഫ്ളൽ സഫർ സാഹിബിന്റെ പിതാവാകുന്നു. ആഗസ്റ്റ് 20ന് 90-മത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1974 ൽ അസീറാനെ റാഹെമൗലാ(ദൈവമാർഗത്തിലെ തടവുകാരൻ) ആകാൻ സൗഭാഗ്യം ലഭിച്ചിരുന്നു. ജമാഅത്തിലെ ഉദ്യോഗസ്ഥന്മാർ, വാഖിഫീനെ സിന്ദഗി, മുറബ്ബിമാർ, മുഅല്ലിമുമാർ എന്നിവരെ ഏറെ ആദരിച്ചിരുന്നു. അദ്ദേഹം നമസ്കാരം, നോമ്പ് എന്നിവയിൽ ബദ്ധശ്രദ്ധനും അതിഥിസൽക്കാരപ്രിയനുമായിരുന്നു. സാധു സംരക്ഷകനും ക്ഷമയും കൃതജ്ഞതയും നല്ല ആത്മാർഥതയുമുള്ള വ്യക്തിയുമായിരുന്നു. വിശുദ്ധ ഖുർആൻ കൃത്യനിഷ്ഠയോടെ പാരായണം ചെയ്തിരുന്നു. നിരവധി കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിക്കാനും തൗഫീഖ് കിട്ടിയിട്ടുണ്ട്. സന്തപ്ത കുടുംബത്തിൽ മൂന്ന് ആൺമക്കളും 11 പൗത്രി പൗത്രന്മാരുമുണ്ട്. ഞാൻ പറഞ്ഞപോലെ ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ മുബല്ലിഗ്, മുഹമ്മദ് അഫ്ളൽ സഫർ സാഹിബ് കെനിയായിലാണുള്ളത്. അദ്ദേഹത്തിന് ജനാസയിലും പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. മർഹൂമിന് മഗ്ഫിറത്തും കാരുണ്യവും നൽകുകയും പദവികളുയർത്തുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ ലാഹോറിലെ ഇഹ്സാൻ അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ശഫ്ഖത്ത് മഹ്മൂദ് സാഹിബിന്റെ പുത്രനാണ്. ജൂലായ് 27 ന് 35-ാ മത്തെ വയസിൽ കൊറോണ വൈറസ് കാരണം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി, ഗുജറാത്ത് ജില്ലയിലെ കൊലേഗി നിവാസിയായ ഹദ്റത്ത് മൗലവി നൂറുദ്ദീൻ അജ്മൽ സാഹിബിന്റെ പൗത്രനും ഗുജറൻവാലയിലെ ഖുർശിദ് അഹ്മദ് സാഹിബിന്റെ ദൗഹിത്രനുമാകുന്നു. കഴിഞ്ഞ രണ്ടു വർഷം അദ്ദേഹത്തിന് ലാഹോർ ടൗൺ ഹൽഖ ജമാഅത്ത് സദ്റായി സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിരുന്നു. കൂടാതെ ഡൽഹിഗേറ്റ് ഇമാറത്തിൽ നൗമുബായിഈൻ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. തബ്ലീഗിൽ വലിയ താൽപര്യമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 8 പേരെ ബയ്അത്ത് ചെയ്യിക്കാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

സന്തപ്തകുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് ആൺമക്കൾ, അഹ്മദ് മസ്റൂർ (ആറ് വയസ്) മുബീൻ അഹ്മദ് ത്വാഹിർ(3വയസ്) ഒരു മകൾ സാഇറ അഹ്മദ്(5വയസ്) എന്നിവരും മാതാപിതാക്കളും മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അല്ലാഹു എല്ലാവർക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. കുട്ടികൾക്ക് അവൻ തന്നെ സംരക്ഷകനാകുമാറാകട്ടെ. അവർക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നല്കുമാറാകട്ടെ. മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ റിയാളുദ്ദീൻ ശംസ് സാഹിബിന്റേതാണ്. ഇദ്ദേഹം ജലാലുദ്ദീൻ ശംസ് സാഹിബിന്റെ ചെറിയ മകനാകുന്നു. മെയ്

(ശേഷം പേജ് 12ൽ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2019 ജൂലായ് 07 ഞായറാഴ്ച

(തുടർച്ച)

❊ **ജൽസാസാലാന ജർമനി മീഡിയ കവറേജ്**

ഇലക്ട്രോണിക് മീഡിയ, പ്രിന്റ് മീഡിയ, സോഷ്യൽ മീഡിയ തുടങ്ങിയവയെല്ലാം വളരെ വിശാലമായ നിലയിൽ ജലൽസാസാലാന പരിപാടികൾ റിപ്പോർട്ട് ചെയ്തു.

❊ ജർമനിയിലുള്ള 13 മാധ്യമ ഔട്ലെറ്റുകളിൽ (outlets)ജൽസയുടെ കവറേജുണ്ടായി. ഏറ്റവുമധികം ജർമനിയിൽ വായിക്കപ്പെടുന്ന ഫാസ് (FAZ) പത്രം മുതൽ ചില തദ്ദേശപത്രങ്ങൾ, ഓൺലൈൻ പത്രങ്ങൾ, മാഗസിനുകൾവരെ ഇവയിൽ ഉൾപ്പെടുന്നു.

❊ ഇതിനുപുറമെ സംസ്ഥാനത ടി.വി SWR ലും വാർത്ത സംപ്രേഷണം ചെയ്യുകയുണ്ടായി. അതിന്റെ വെബ് സൈറ്റിൽ ആർക്കിളോടുകൂടി വാർത്ത ചേർത്തിരുന്നു.

❊ജർമനിക്കു പുറമെ ഇറ്റലി, ചൈന, സ്ലോവാക്യ എന്നിവിടങ്ങളിലെ ഓൺലൈൻ പത്രങ്ങളും കവറേജ് നല്കി. ഒരു കണക്കനുസരിച്ച് ഈ മാധ്യമ ഔട്ലെറ്റുകൾ 2 കോടി 26 ലക്ഷത്തിൽപരം ആളുകൾവരെയാണ് എത്തുന്നത്.

എം.ടി.എ ആഫ്രിക്ക മുഖേനയും ആഫ്രിക്കൻ രാജ്യങ്ങളിൽ ജർമൻ ജൽസയുടെ കവറേജ് ഉണ്ടായി. എം.ടി.എ ആഫ്രിക്ക ടീം എല്ലാദിവസവും ആഫ്രിക്കയിലെ നാഷണൽചാനലുകൾക്ക് റിപ്പോർട്ടുകൾ നല്കിക്കൊണ്ടിരുന്നു. ചുവടെ ചേർക്കുന്ന ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ദേശീയചാനലുകൾ വാർത്തകൾ കവറേജ് ചെയ്തു.

(1)ഘാന നാഷണൽ ടെലിവിഷൻ(2)സിയറലിയോൺ(Sierra Leone)നാഷണൽ ടെലിവിഷൻ.(3)ഗാംബിയ(Gambia)നാഷണൽ ടെലിവിഷൻ.(4)യുഗാണ്ട(Uganda)നാഷണൽ ടെലിവിഷൻ (5)റുവാണ്ട(Rwanda)നാഷണൽ ടെലിവിഷൻ.

ജൽസാസാലാന റിപ്പോർട്ടുകൾ പ്രത്യേക ന്യൂസ് ബുള്ളറ്റിനുകളിൽ സംപ്രേഷണം ചെയ്തു. ഈ ചാനലുകളുടെ പ്രേഷകരുടെ ആകെ എണ്ണം 30 മില്യണിലധികമാണ്. ആഫ്രിക്കൻ ചാനലുകൾ 24 മണിക്കൂറും ജൽസാസാലാന ജർമനി പരിപാടികൾ സംപ്രേഷണം ചെയ്യുകയുണ്ടായി. ഈ വർഷം ആദ്യമായി ജൽസാസാലാന ജർമനിയുടെ സംപ്രേഷണങ്ങൾ ആഫ്രിക്കൻ ഭാഷകളിൽ തർജമയോടുകൂടി സംപ്രേഷണം ചെയ്യപ്പെട്ടു. ആദ്യമായി ജൽസയുടെ മൂന്നുദിവസവും എം.ടി.എ സ്റ്റുഡിയോയുടെ എല്ലാ പരിപാടികളും, ഇതിൽ studio discossion വും പെടുന്നു, Twi, യോറോബ, സവാഹിലി ഭാഷകളിൽ തർജമയോടുകൂടി സംപ്രേഷണം ചെയ്യപ്പെട്ടു.

മാസിക റിവ്യൂ ഓഫ് റിലീജ്യൻസ് മുഖേനയും വിശാലമായ നിലയിൽ സോഷ്യൽ മീഡിയ കവറേജ് നടന്നു. ഈ വർഷം ഇംഗ്ലീഷ്, സ്പാനിഷ്, ജർമൻ എഡിഷനുകളുടെ വെബ്സൈറ്റുകളും ജൽസയുടെ കവറേജ് നല്കി. ഹുദൂറിന്റെ സന്ദർശനത്തിന്നിടയിൽ നടന്ന കൂടിക്കാഴ്ചകൾ, വ്യക്തിപരമായ കൂടിക്കാഴ്ചകൾ, ആമീൻ പരിപാടികളും മറ്റും ഉൾക്കൊള്ളുന്ന 13 ഹ്രസ്വ വീഡിയോകൾ തയ്യാറാക്കപ്പെട്ടു. 21 പുതിയ ലേഖനങ്ങളും അപ്ലോഡ് ചെയ്തു. 115 ലധികം പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ നല്കപ്പെട്ടു. ഇവമുഖേന 7 ലക്ഷത്തി 30 നായിരത്തിലധികം ആളുകൾക്ക് സന്ദേശമെത്തി. ഇതിൽ പ്രത്യേകമായും അമുസ്ലിമീങ്ങളിലേക്കും പാശ്ചാത്യജനതയിലേക്കും സന്ദേശമെത്തിക്കാനാണ് ഊന്നൽ നല്കിയത്. അതിൽ നിരന്തരം വർധന വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഒരു കണക്കനുസരിച്ച് ഇത് ഒരു മില്യൺവരേയും എത്തുന്നതാണ്. ഇൻശാഅല്ലാഹ്.

## 2019 ജൂലായ് 08 തിങ്കളാഴ്ച

രാവിലെ 04.15-ന് ഹുദൂർ സുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. ശേഷം താമസ സ്ഥലത്തേക്ക് മടങ്ങുകയും ഒദ്യോഗിക ജോലികളിൽ വ്യാപൃതനാകുകയും ചെയ്തു. ഓഫീസ് സംബന്ധമായ കത്തുകളും മറ്റുകത്തുകളും റിപ്പോർട്ടുകളും ഹുദൂർ പരിശോധിച്ചു.

വിവിധ രാജ്യങ്ങളിൽ നിന്നുവന്ന പ്രതിനിധി സംഘങ്ങളുമായി ഇന്ന് ഹുദൂറിന്റെ കൂടിക്കാഴ്ചയുണ്ടായിരുന്നു. 10.15-ന് മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തിയ ഹുദൂറുമായി റഷ്യ, താജിക്കിസ്താന്, എസ്റ്റോണിയ(Estonia) തുടങ്ങിയ രാജ്യങ്ങളിൽനിന്നു വന്ന സംഘങ്ങൾ കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി.

ഹുദൂർ ചോദിച്ചപ്പോൾ അതിഥികൾ പറഞ്ഞു: ജൽസ വളരെ നല്ലതായിരുന്നു. സുസംഘടിതവും വളരെ ഉന്നത നിലവാരം പുലർത്തുന്നതുമായിരുന്നു.

എസ്റ്റോണിയായിൽ നിന്നു വന്ന ഒരതിഥിയോട് ഹുദൂർ പറഞ്ഞു: നിങ്ങൾ പുതിയ അഹ്മദിയാണ്. സൂറ ഫാത്തിഹ അറബിയിൽ കാണാതെ പഠിക്കുക. തുടർന്ന് അതിന്റെ അർഥവും പഠിക്കുക. ഇത് ആവർത്തിച്ച് ഓതുക. **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ** ആവർത്തിച്ച് ചൊല്ലുക. അല്ലാഹുവിനോടുതന്നെ സഹായം തേടുക, അവനെത്തന്നെ ആരാധിക്കുക. മറ്റുള്ള മതപരമായ അറിവുകളും നേടുക. താങ്കൾ താങ്കളെ കൂടുതൽ പരിഷ്കരിച്ചെടുക്കുക.

മോസ്കോയിൽനിന്നു വന്ന ഒരു നവ അഹ്മദി പറഞ്ഞു: 'ഞാൻ ഒരു വർഷമായി അഹ്മദിയാണ്.'

ഹുദൂർ പറഞ്ഞു: താങ്കളുടെ മതപരമായ പശ്ചാത്തലമെന്താണ്?

അദ്ദേഹം പറഞ്ഞു: കത്തോലിക്ക ചർച്ചുമായിട്ടായിരുന്നു എനിക്ക് ബന്ധം. 20 വർഷം മുമ്പേ ഇസ്ലാം സ്വീകരിച്ചതാണ്. ഒരു വർഷമായി അഹ്മദിയാണ്.

അദ്ദേഹത്തിന്റെ ഒരു ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: അവസാന കാലത്ത് ഒരു പരിഷ്കർത്താവ് എന്ന നിലയിൽ മസീഹും മഹ്ദിയും വരുമെന്നും ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കുമെന്നും നബി(സ)തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. ആ മസീഹും മഹ്ദിയും വന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ആണ് ആ വ്യക്തി. അവിടന്ന് വിശുദ്ധ ഖുർആനിലെ 30 വചനങ്ങൾ തന്റെ ഗ്രന്ഥങ്ങളിലെഴുതി. എന്നിട്ട് പറഞ്ഞു: ഇവയിൽ നിന്ന് ഹദ്റത്ത് ഈസാ(അ)യുടെ മരണം സ്ഥാപിതമാകുന്നുണ്ട്.

ഹുദൂർ പറഞ്ഞു: എല്ലാ മുസ്ലിമീങ്ങളും മസീഹിന്റെ രണ്ടാം വരവ് കാത്തിരിക്കുകയാണ്. ഏതൊരു മസീഹാണോ വരേണ്ടത് അദ്ദേഹം വന്നിരിക്കുന്നു എന്ന് ഞങ്ങൾ പറയുന്നു. വിശുദ്ധ ഖുർആനിലും ഹദീഥുകളിലും മസീഹ് മഹ്ദിയുടെ വരവിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള അടയാളങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ഈ അടയാളങ്ങളെല്ലാം പൂർത്തിയായിരിക്കുന്നുവെന്ന് അധിക മുസ്ലിമീങ്ങളും ദൃഢമായും വിശ്വസിക്കുന്നു. എന്നിട്ടും അവർ മസീഹിന്റെ വരവിനെ കാത്തിരിക്കുകയാണ്.

ഹുദൂർ പറഞ്ഞു: സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ അടയാളവും പുലർന്നുകഴിഞ്ഞിരിക്കുന്നു. ഈ അടയാളം വെളിപ്പെടാതിരുന്നപ്പോൾ ജനങ്ങൾ ആ അടയാളം വെളിപ്പെട്ടില്ലെന്ന് പറഞ്ഞിരുന്നു. 1894-ൽ ഹദീഥിൽ വിവരിച്ച എല്ലാ അടയാളങ്ങളോടുംകൂടി സൂര്യചന്ദ്ര ഗ്രഹണമുണ്ടായി. പിന്നീട് അടുത്ത വർഷം 1895-ൽ West Hemisphere ലും ചന്ദ്രസൂര്യ ഗ്രഹണമുണ്ടായി.

ഹുദൂർ പറഞ്ഞു: മുസ്ലിം സമൂഹം ഒരു പരിഷ്കർത്താവിനെ ആഗ്രഹിക്കുന്നു. പക്ഷേ, ഇപ്പോഴും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ വരുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് വരേണ്ടത്. നാമിവരോട് ഇതാണ് അടയാളങ്ങളെന്നും ഇതാണ് പ്രവചനങ്ങളെന്നും ഇതെല്ലാം പൂർത്തിയായി കഴിഞ്ഞുവെന്നും പറയുന്നു. മസീഹും മഹ്ദിയും വരേണ്ട കാലം ഇതുതന്നെയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ഗ്രന്ഥം 'ദഅ്വത്തുൽ അമീർ' (അമീറിന് ക്ഷണം)ഗ്രന്ഥത്തിന്റെ റഷ്യൻ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് വായിക്കുക.

❊ താജിക്കിസ്താനിൽനിന്നു വന്ന ഒരു സ്നേഹിതൻ പറഞ്ഞു: അദ്ദേഹത്തിന് 70 വയസ്സുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ഇത്ര മുമ്പേയുള്ളതാണെങ്കിലും അദ്ദേഹത്തിന് മുമ്പേ എന്തുകൊണ്ട് മനസ്സിലായില്ല?

ഹുദൂർ പറഞ്ഞു: ഇസ്ലാം 1400 വർഷം പഴയതാണ്. അമേരിക്കൻ ഭൂഖണ്ഡം പോലെയുള്ള ചില ദ്വീപുകളിലൊക്കെ ഈയടുത്താണ് ഇസ്ലാമിനെ കുറിച്ച് അറിവ് ലഭിച്ചത്. ഒരു ക്രിസ്തീയ പാതിരിയും ഇന്ന ഇന്ന പ്രദേശങ്ങളിൽ ക്രിസ്തുമത സന്ദേശം എത്തിയിരുന്നില്ലെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്.

❊ ഹുദൂർ പറഞ്ഞു: ഇപ്പോൾ പ്രസിദ്ധീകരണത്തിന്റെ കാലഘട്ടമാണ്. വാഗ്ദത്ത മസീഹിന്റെ കാലഘട്ടമാണ്. 130 വർഷംകൊണ്ട് ഒരു ചെറു ഗ്രാമത്തിൽനിന്ന് സന്ദേശം പുറപ്പെടുകയും 212 രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു.

ഹുദൂർ പറഞ്ഞു: മതങ്ങൾക്ക് ഒരു ചരിത്രമുണ്ട്. അത് നോക്കുക. മതങ്ങൾ ഇങ്ങനെതന്നെയാണ് ഘട്ടംഘട്ടമായി വ്യാപിച്ചത്. സന്ദേശം എത്തിക്കാതിരിക്കാനുള്ള തടസ്സങ്ങളെ കുറിച്ച് പരാമർശിക്കുകയാണെങ്കിൽ ചില ഭരണകൂടങ്ങളുടെ ഭാഗത്തുനിന്ന് ഈ നീക്കങ്ങൾ സ്ഥിരമായി നടന്നു കൊണ്ടിരുന്നു. മൗലവി ളുഹൂർ ഹുസയ്ൻ സാഹിബ് ബുഖാറയേയും തടവിലാക്കിയിരുന്നു. അദ്ദേഹത്തിന് സന്ദേശമെത്തിക്കാൻ സാധിച്ചില്ല.

❊ മോസ്കോയിൽനിന്നുവന്ന തദ്ദേശ മുഅല്ലിം രുസ്തം ഹമ്മാദ് ഒലി സാഹിബ് പറയുന്നു: 'ജൽസ സാലാന ജർമനിയിലും വരാനുള്ള അവസരം ലഭിച്ചു. ഇവിടേയും വിദൂര രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികൾക്ക് വരാൻ കഴിഞ്ഞു. ജർമൻ ജമാഅത്ത് വളരെ പുരോഗതി കൈവരിച്ചു. അതു കാണുമ്പോൾ വളരെ സന്തോഷം തോന്നുന്നു. ഈ ജൽസയും അന്തർദേശീയ ജൽസയായി മാറിയിരിക്കുന്നു. ജനങ്ങൾ ഇതിൽനിന്നു ഫലമെടുത്തു വരുന്നു.

❊ പോളണ്ടിൽനിന്നുവന്ന താജിക്കിസ്താൻ സ്വദേശിയായ ഒരതിഥി അബ്സുസ്സത്തർ ബോബോ യേവ് സാഹിബ് (Absussator Boboev) പറയുന്നു: അഹ്മദികൾ മുസ്ലിമീങ്ങളല്ലെന്നും

മദ്യം അനുവദനീയമാക്കിയിട്ടുണ്ടെന്നും ഞാൻ കേട്ടിരുന്നു. ജൽസയിൽ വരുന്നതിനു മുമ്പേ അഹ്മദികളുടെ 'സുബ്ഹാൻ മസ്ജിദ്' കണ്ടിരുന്നു. അവിടെ നമസ്കരിച്ചപ്പോൾ ഇവർ മുസ്ലിമീങ്ങളാണെന്നും ഇസ്ലാമിന്റെ അഞ്ചു അടിസ്ഥാന കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും മനസ്സിലായി. ജൽസയിലെത്തിയപ്പോൾ മനസ്സിലായി, ഇവർ ഇമാം മഹ്ദിയെ അംഗീകരിക്കുന്നവരാണെന്നും വിശുദ്ധ ഖുർആനിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നവരാണെന്നും മദ്യപിക്കാത്തവരാണെന്നും മനസ്സിലായി. ഇവിടെ വന്നതിനുശേഷം വളരെയധികം കാര്യങ്ങൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അറിയാൻ കഴിഞ്ഞു. അടിസ്ഥാനപരമായി ഞാൻ നിങ്ങളെ തിരിച്ചറിഞ്ഞിരിക്കുന്നു. മുസ്ലിമീങ്ങളുടെ അടിസ്ഥാന വിശ്വാസമാണ് ഇസ്ലാമിന്റേയും ദീനിന്റേയും അഞ്ച് അടിസ്ഥാന വിശ്വാസങ്ങൾ. ഇമാം അബൂ ഹനീഫയെ നിങ്ങൾ ഇമാമെന്ന് മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ കർമശാസ്ത്രം അനുസരിച്ച് പ്രവർത്തിക്കുന്നു. ഇതു സംബന്ധിച്ചും എനിക്ക് അറിയാൻ കഴിഞ്ഞു. ജൽസയിലെ കര്യങ്ങൾ എനിക്കു വളരെ നല്ലതായി തോന്നി. ഹജ്ജിനു ശേഷം രണ്ടാമതായി ഇവിടെ ഇത്രയധികംപേർ ഒരുമിച്ചു കൂടിയതായി ഞാൻ കണ്ടു. ഖലീഫയുമായുള്ള കൂടിക്കാഴ്ച വളരെ നല്ലൊരു അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രസന്നമായിരുന്നു. ഞാൻ താജിക്കിസ്താനിലായിരിക്കുമ്പോൾ എം.ടി.എ യിലൂടെ അദ്ദേഹത്തെ കാണാറുണ്ടായിരുന്നു. വളരെ ആകർഷിക്കുന്ന വ്യക്തിത്വമാണ്. അദ്ദേഹം വളരെ നല്ലൊരു വ്യക്തിയാണ്.

ലിഥ്വാനിയാ(Lithuania)യിൽനിന്നു വന്ന താജിക്കിസ്താൻകാരായ മിർസാ റഹീം സാഹിബിനോടൊപ്പം മൂന്ന് സ്നേഹിതന്മാരും ഉണ്ടായിരുന്നു. ഇവർ അവരുടെ അനുഭവങ്ങൾ ഇങ്ങനെ പങ്കു വെച്ചു: ജൽസ നമ്മെ വളരെ സ്വാധീനിക്കുന്നതും മനോഹരവുമായിരുന്നു. അച്ചടക്കവും സംവിധാനവും വളരെ നിലവാരം പുലർത്തുന്നതായിരുന്നു. ഇതിൽനിന്നു അഹ്മദിയ്യാ ജമാഅത്ത് വളരെ സുശക്തമായ പാദമാണ് ഊന്നിയിട്ടുള്ളതെന്ന് മനസ്സിലാകുന്നു. ജൽസയുടെ പരിപാടികളിൽ ഒരു മാറ്റവും വരുത്താൻ പാടില്ല. ഒരു പരിപാടിയും താമസിച്ചു തുടങ്ങാതിരുന്നത് വ്യക്തമാക്കുന്നത് ജമാഅത്തിന്റെ സംവിധാനവും അച്ചടക്കവും വളരെ ഉന്നത നിലവാരം പുലർത്തുന്നതാണെന്നാണ്. മുസ്ലിമീങ്ങളിൽ നിന്നുള്ള ഒരു വിഭാഗം യൂറോപ്യൻ ജനതയുടെ പിന്തുണ കരസ്ഥമാക്കി എന്നുള്ളത് ഞങ്ങൾക്ക് വളരെ നല്ലതായി തോന്നി. ഞങ്ങളിപ്പോൾ പുതിയതായി യൂറോപ്പിൽ വന്നതാണ്. ഏതു രൂപത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ പ്രവർത്തിക്കണമെന്നതിന്ന് ഞങ്ങൾക്കു ലഭിച്ച നല്ലൊരു പരിശീലനമായിരുന്നു ജൽസ. ജൽസയിൽ എല്ലാ ജനവിഭാഗങ്ങളിൽനിന്നുള്ള ആളുകളും ഒരുവിധ തടസ്സവും കൂടാതെ പങ്കെടുത്തിരുന്നു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന ജമാഅത്തിന്റെ മുദ്രാവാക്യം ഞങ്ങൾക്ക് ഏറെ ഇഷ്ടമായി.

ഇതിനുപുറമെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മിർസാ മസ്റൂർ അഹ്മദിന്റെ വാക്കുകൾ ഞങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ടു. വിശിഷ്യ തീവ്രവാദത്തിന് ഇസ്ലാമുമായി ഒരുവിധ ബന്ധവുമില്ലെന്നതും ഇസ്ലാം അനുകമ്പയുടേയും സഹവർത്തിത്വത്തിന്റേയും പരസ്പരം മനസ്സിലാക്കുന്നതിന്റേയും പേരാണെന്നുമുള്ള അദ്ദേഹത്തിന്റെ വാക്കുകൾ.

ഒടുവിൽ ഞങ്ങളെ ഇതുപോലെയുള്ള ഗംഭീരമായ ജൽസയിൽ പങ്കെടുക്കാൻ ക്ഷണിച്ച ജൽസയുടെ എല്ലാ പ്രവർത്തകർക്കും ഹൃദയത്തിന്റെ ആഴത്തിൽനിന്ന് നന്ദി അറിയിക്കുന്നു. അവർക്കെല്ലാം ഭാവുകങ്ങൾ നേരുന്നു.

10.40 വരെ ഈ കൂടിക്കാഴ്ച നീണ്ടു നിന്നു. സംഘത്തിലുള്ള എല്ലാവർക്കും ഹുദൂറിന്ന് ഹസ്തദാനം ചെയ്യാനും ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു.

**ഇന്തൊനേഷ്യൻ സംഘത്തിന്റെ കൂടിക്കാഴ്ച**

10.45–ന് ഇന്തൊനേഷ്യയിൽനിന്നു വന്ന സംഘത്തിന്റെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച ആരംഭിച്ചു. 35 പേരുടെ ഒരു സംഘമായിരുന്നു ഇത്; 23 സ്ത്രീകളും 12 പുരുഷന്മാരും.

ഹുദൂർ ചോദിച്ചപ്പോൾ ഒരു അംഗം പറഞ്ഞു: ജൽസാസാലാനയുടെ എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. എല്ലാ പ്രവർത്തനങ്ങളും വളരെ നല്ല സംവിധാനത്തിന് കീഴിലാണ് നടന്നത്.

സംഘത്തിലെ ഒരു അംഗം പറഞ്ഞു: ഞങ്ങളുടെ ജമാഅത്തിൽ കൂടുതലും പുതിയ അഹ്മദികളാണ്. അവരിൽനിന്നു ചന്ദ വാങ്ങുന്നത് വളരെ പ്രയാസകരമായ പ്രവൃത്തിയാണ്.

ഹുദൂർ: ആദ്യം അവരെ സംസ്കരിച്ചെടുക്കുക. വിശ്വാസമുണ്ടാകേണ്ടത് അനിവാര്യമാണ്. അഞ്ചു നമസ്കാരങ്ങൾ നിർബന്ധമാണ്. അവയുടെ നിർവഹണത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക. നോമ്പ് നിർബന്ധമാണ്. തുടർന്ന് സാമ്പത്തിക ത്യാഗം നിർബന്ധമാണ്. ആദ്യം അവരെ സംസ്കരിക്കുക. സംസ്കരണത്തിന്റെ മൂന്നു വർഷക്കാലം ഇതിനു നിശ്ചയിച്ചിട്ടുള്ളതാണ്. പിന്നീട് അവരെ ചന്ദയുടെ സംവിധാനത്തിൽ ചേർക്കുക. ത്യാഗത്തിനുള്ള വികാരം ഹൃദയത്തിൽ നിന്നുമാണ് വരേണ്ടത്. സ്വഹാബാക്കൾ ഹൃദയാത്മനാ ഇസ്ലാം സ്വീകരിച്ചവരായിരുന്നു. തുടർന്ന് അവർ ത്യാഗങ്ങൾ സമർപിച്ചു. ചന്ദ ഒരു ടാക്സല്ല. മറിച്ച്, ദൈവത്തിന്റെ തൃപ്തിക്കു വേണ്ടി നല്കേണ്ടതാണ്. നവഅഹ്മദികളിൽ ആരംഭം മുതലേ ഈ ശീലം വളർത്തേണ്ടതാണ്. തഹ്രീക്കെ ജദീദിനും വഖ്ഫെ ജദീദിനും എന്തെങ്കിലും നല്കുക തന്നെ വേണം.

❋ ഒരു വനിത: അനഹ്മദികൾ എന്നെ വെറുക്കുന്നു. എന്നെ കളിയാക്കുന്നു. ഞാനെന്താണ് ചെയ്യേണ്ടത്?

ഹുദൂർ അൻവർ: നബി(സ)തിരുമേനി വാദം പുറപ്പെടുവിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തെ വെറുത്തിരുന്നു. ദ്രോഹിച്ചിരുന്നു. സ്വഹാബാക്കളേയും വെറുത്തിരുന്നു. മർദിച്ചിരുന്നു. എല്ലാം ക്ഷമയോടെ അവർ സഹിച്ചിരുന്നു. ഹുദൂർ പറഞ്ഞു: നിങ്ങളും ക്ഷമയോടെ സഹിക്കുക. ഇതാണ് അഹ്മദിയ്യത്തിന്റെ അധ്യാപനം.

❋ ഒരു വനിത: 'എന്റെ ഭർത്താവ് മുമ്പേ നല്ലൊരു അഹ്മദിയായിരുന്നു. ഇപ്പോൾ കുടുംബത്തിൽ നിന്നുമുള്ള സമ്മർദത്താൽ അഹ്മദിയ്യത്തിൽ നിന്ന് അകലുന്നു. അദ്ദേഹം തിരിച്ചു വരാനും എന്റെ മക്കൾ ജമാഅത്തിൽ ഉറച്ചു നിൽക്കാനും അങ്ങയോട് ദുആക്കപേക്ഷിക്കുന്നു.' ഹുദൂർ പറഞ്ഞു: സ്വന്തം മക്കളെ മസ്ജിദിൽ കൊണ്ടുവരിക. മസ്ജിദുമായി അവർക്ക് ബന്ധമുണ്ടാക്കുക.

ഹുദൂർ പറഞ്ഞു: എപ്രകാരം എം.ടി.എ കാണണമോ അപ്രകാരം ഇന്തൊനേഷ്യയിൽ കാണുന്നില്ലെന്ന് എനിക്ക് റിപ്പോർട്ടുണ്ട്. സ്വന്തം മക്കളെ, സ്വന്തം തലമുറകളെ എം.ടി.എ യുമായി ബന്ധിപ്പിക്കുക. പുതുതലമുറകൾക്ക് വേണ്ടിയുള്ള പ്രോഗ്രാമുകൾ ഇന്തൊനേഷ്യൻ ഭാഷയിൽ തയ്യാറാക്കുക.

ആരെല്ലാം ഹുദൂറിന്റെ ഖുത്ബ കേൾക്കുന്നുണ്ടെന്ന് ഹുദൂർ വിലയിരുത്തി.

ഒരംഗം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് മുഖേന ഏതു രൂപത്തിലുള്ള വിജയമാണ് ഉണ്ടാകുക?

ഹുദൂർ അൻവർ: എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. എണ്ണം വർധിക്കും. അധികജനങ്ങളും അഹ്മദിയ്യത്തിൽ പ്രവേശിക്കും. ജനങ്ങൾ മോശമായ അവസ്ഥയിലും താമസിക്കും.

ഒരു സ്നേഹിതൻ അബ്ദുർറഹ്മാൻ സാഹിബ് പറയുന്നു: ഞാൻ വളരെ സന്തോഷവാനാണ്. ജൽസയിൽ പങ്കെടുക്കാൻ സാധിച്ചത് എനിക്ക് ലഭിച്ച ബഹുമതിയാണ്. ഹുദൂറിനെ ആദ്യമായി കാണാനാൻ കഴിഞ്ഞു. ഈ അനുഭവം ഞാനൊരിക്കലും മറക്കില്ല.

ജൽസയിലെ എല്ലാ സംവിധാനങ്ങളും ഏകദേശം വളരെ നല്ലതായിരുന്നു. ഞങ്ങൾക്ക് ഹുദൂറിനെ കാണാനും വിവിധ രാജ്യങ്ങളിൽനിന്നു വരുന്ന സഹോദരന്മാരുമായി ബന്ധപ്പെടാനും വിശ്വാസം വർധിപ്പിക്കുന്ന പ്രഭാഷണങ്ങൾ കേൾക്കാനുമുള്ള ഭാഗ്യം ലഭിച്ചു. ഇതു മുഖേന ഞങ്ങളുടെ വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടായി.

❋ ഒരു സ്നേഹിതൻ ഫള്ൽ അഹ്മദ് സാഹിബ് പറയുന്നു: ജൽസ ഞാൻ വളരെയധികം ആസ്വദിച്ചു. പ്രഭാഷണ വിഷയങ്ങളെല്ലാം ദൃഢമായും എന്റെ ജീവിതവുമായി ആഴത്തിൽ ബന്ധമുള്ളതാണ്. സ്വന്തം ജീവിതം എങ്ങനെ നയിക്കണമെന്നതിലും സ്വന്തം ജീവിതത്തിലെ ആത്മീയതയ്ക്ക് ഉണർവ് നല്കുന്നതിലും ഇത് സുപ്രധാനമായ പങ്ക് വഹിക്കുന്നതായിരിക്കും. ജൽസക്കിടയിൽ തർജമ ഡിപ്പാർട്ട്മെന്റിൽ സേവനം ചെയ്യാനും എനിക്ക് അവസരം ലഭിച്ചു.

സംഘാംഗങ്ങൾ പറഞ്ഞു: ഹുദൂർ ഇന്തൊനേഷ്യയിൽ വരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഹുദൂർ അൻവർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു സംരക്ഷിക്കുമാറാകട്ടെ.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്ന്. മിമ്പറിൽവച്ച് നബി(സ) തിരുമേനി പറഞ്ഞു:' അവിടന്ന് സ്വദഖയേയും യാചിക്കാതെ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനേയുംപറ്റി പരാമർശിക്കുകയായിരുന്നു, 'മീതെ വരുന്ന കരമാകുന്നു താഴെ വരുന്ന കരത്തെക്കാൾ ഉത്തമം. മുകളിലെ കരം ചെലവഴിക്കുന്നു. താഴെയുള്ളത് ചോദിക്കുന്നു.'**
**(മുസ്ലിം, ഹദീഥ് 560)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റയിൽനിന്ന്. നബി(സ)തിരുമേനി പറഞ്ഞു:**
**'ക്ഷേമമെന്നത് വിഭവങ്ങളുടെ ആധിക്യമല്ല.**
**മറിച്ച് ക്ഷേമമെന്നത് മനസ്സിന്റെ ധന്യതയാണ്.'**
**(മുസ്ലിം, ഹദീഥ് 563)**

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

ഇന്തൊനേഷ്യൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 11 മണിക്ക് സമാപിച്ചു. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. ഹുദൂർ വിദ്യാർഥികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

**ജോർജിയൻ സംഘത്തിന്റെ കൂടിക്കാഴ്ച**

തുടർന്ന് 85 അംഗങ്ങളുള്ള ജോർജിയൻ സംഘത്തിന്റെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച ആരംഭിച്ചു. റഷ്യൻ പ്രദേശത്തു നിന്നുവന്ന ഏറ്റവും വലിയ സംഘമാണിത്.

സംഘാംഗങ്ങൾ: മൂന്ന് ദിവസത്തെ ജൽസ പ്രഭാഷണങ്ങളിലൂടെ ഹുസൂർ നല്കിയ സന്ദേശങ്ങൾക്ക് ഹുസൂറിന് നന്ദി പറയുന്നു.

ജോർജിയൻ പാർലമെന്റംഗം സെർജിയോ റതിയാനി (Sergio Rathiani) ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം ഒരു യൂണിവേഴ്സിറ്റിയിൽ പ്രഫസറുമാണ്. ജോർജിയ മിഷ്ണറി ജവാദ് അഹ്മദ് ബട്ട് സാഹിബ് പറയുന്നു: അദ്ദേഹം ഹുസൂറിന്റെ പ്രഭാഷണവേളയിൽ എത്ര നല്ല പ്രസംഗമാണിതെന്നും ഹുദൂർ മെയിൻ പോയന്റ് വിഷയങ്ങളാണ് പറയുന്നതെന്നും ഇത്തരം പ്രഭാഷണങ്ങൾ വിരളമായേ കേൾക്കാൻ കഴിയൂവെന്നും ഇടക്കിടെ എന്നോട് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം വളരെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇതേ രാഷ്ട്രീയക്കാർ ഹുദൂറിനെ കണ്ടതിനുശേഷവും വളരെ സന്തോഷവാന്മാരാണ്. ചെറിയ രാജ്യമായ ജോർജിയയെ കുറിച്ചുപോലും ഹുദൂറിന് ധാരാളം വിവരങ്ങളറിയാമെന്ന് പലപ്പോഴും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. ഇസ്‌ലാമിന്റെ അർഥം തന്നെ സമാധാനമാണെന്നും സമാധാനം പരത്തുക എന്നതാണ് നിങ്ങളുടെ ജമാഅത്തിന്റെ സുപ്രധാനലക്ഷ്യമെന്നും അദ്ദേഹം സൂചിപ്പിച്ചു. സമാധാനത്തിന്റെ സന്ദേശം ജമാഅത്ത് പ്രചരിപ്പിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ജമാഅത്തിന്റെ സംവിധാനവും ആതിഥേയത്വവും വളരെ നല്ലതായിരുന്നു. ഒരു തരത്തിലുമുള്ള അച്ചടക്കരാഹിത്യവും ഇല്ലായിരുന്നു. എല്ലാ കാര്യങ്ങളും അതതു സമയത്ത് തന്നെ നടന്നു കൊണ്ടിരുന്നു.

❋ ഒരു വനിത പറഞ്ഞു: ഖലീഫത്തുൽ മസീഹിനെ കാണാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. സംവിധാനങ്ങളെല്ലാം ജൽസയെ വളരെ നല്ല പോലെ ക്രമീകരിച്ചു. എല്ലാ പ്രവൃത്തിയും അതിന്റെ സമയത്ത് നടന്നിരുന്നു. വളരെ സ്വാധീനമുളവാക്കുന്ന സന്ദേശമായിരുന്നു ഇത്. ഐക്യത്തിന്റേയും സമാധാനത്തിന്റേയും സന്ദേശമായിരുന്നു ഇത്. നമുക്കിതിന്റെ ഏറ്റവുമധികം ആവശ്യമുണ്ട്. നാല്പതിനായിരം പേരുണ്ടായിരുന്നു. എങ്കിലും എല്ലാവരിലും സമ്പൂർണ്ണ ഐക്യമുണ്ടായിരുന്നു. സ്ത്രീകൾക്ക് പ്രത്യേക സംവിധാനമായിരുന്നു. വളരെ നല്ല സംവിധാനമായിരുന്നു.ഇന്ന് നമ്മൾ എല്ലാവരേയും സ്വന്തം കണ്ണുകൾകൊണ്ട് കണ്ടു. യുവ തലമുറ നമ്മെ കൂടുതൽ ആകർഷിച്ചു.

ലോറ ഗാംക്രെലിറ്റ്ഡ് സെയും(laura Gamkrelitdze) ലൈക(Lika) സാഹിബയും രണ്ടാം തവണയാണ് ജോർജിയയിൽനിന്നു ജൽസയിൽ പങ്കെടുക്കുന്നത്. സമാപന പരിപാടിക്ക് മുമ്പേ അവരുടെ ആരോഗ്യം മോശമായി. ആശുപത്രിയിൽ പോകേണ്ടി വന്നു. രോഗാവസ്ഥയിൽ തിങ്കളാഴ്ച ജോർജിയൻ സംഘത്തിന്റെ ഹുദൂറുമൊത്ത് കൂടിക്കാഴ്ചയുണ്ടെന്ന് കേട്ടപ്പോൾ അതിൽ തീർച്ചയായും പങ്കെടുക്കുമെന്ന് അവർ പറഞ്ഞു. തുടർന്ന് ക്ഷീണിതയായിരുന്നെങ്കിലും കൂടിക്കാഴ്ചയിൽ അവർ പങ്കെടുക്കുകയും ചെയ്തു. അവർ പറയുന്നു: ആദ്യമായി ജൽസയിൽ വന്നപ്പോൾ വളരെ വിസ്മയത്തിലായിരുന്നു ഞങ്ങൾ. ഇപ്പോൾ രണ്ടാമതും ജൽസയിൽ പങ്കെടുത്തപ്പോൾ സ്ത്രീകൾക്ക് ഇസ്‌ലാം നല്കുന്ന സ്ഥാനം മറ്റേതു മതത്തിൽനിന്നും പാശ്ചാത്യ രാഷ്ട്രങ്ങളിൽനിന്നും വളരെ ഉന്നതമാണ് മനസ്സിലായി.

❋ മതപരമായ അറിവ് നേടുന്ന ഒരു ജോർജിയൻ വിദ്യാർഥിനിയായ നാനൂക സുംബുലൂലിഡ്സെ (Nanuka Zumbululidze) ബയ്അത്ത് പരിപാടിയെ പരാമർശിച്ചുകൊണ്ട് തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: 'ബയ്അത്ത് പരിപാടി വികാരനിർഭരമായിരുന്നു. മതപരമായ ഐക്യത്തിന്റെ ഒരു നേർക്കാഴ്ച അവിടെ ദൃശ്യമായി. ഇവിടെ നാനാജാതി വർഗവർണ്ണ മനുഷ്യരേയും സമാധാനത്തോടെ ഒന്നിപ്പിക്കാൻ സാധിക്കുന്നു. ഞാൻ മതപരമായ അറിവ് കരസ്ഥമാക്കുന്നു. ജൽസയിൽ ആദ്യമായാണ് വരുന്നത്. സമാധാനം കൈവരിക്കാൻ ജൽസ വളരെ നല്ല മാർഗമാണെന്ന് എനിക്കുറപ്പുണ്ട്.'

ഒരതിഥി പറയുന്നു: ഞാനാദ്യമായി വന്നതാണ്. സമ്മേളനത്തിൽ ധാരാളം പേരെ കണ്ടു. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. ഖലീഫത്തുൽ മസീഹ് സമാധാനത്തെ കുറിച്ച് സംസാരിച്ചു. സമാധാന സന്ദേശം നല്കി. ജനങ്ങൾ സ്വന്തം വിശ്വാസത്തിലും ആത്മീയതയിലും അഭിവൃദ്ധിപ്പെടുന്നതാണ് ജൽസയിൽ ഞങ്ങൾ കണ്ടത്. ഓരോ അഹ്മദിയും സമാധാന സംസ്ഥാപനത്തിന് ശ്രമിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്.' അവർ ഒടുവിൽ ഹുദൂറിനോട് ദുആക്കപേക്ഷിച്ചു.

ഹുദൂർ: നിങ്ങളുടെ അവലോകനത്തിന് നന്ദി. ജസാക്കല്ലാഹ്(അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ)

ഒരു വനിത അതിഥി പറഞ്ഞു: ഇസ്‌ലാമിനെ സംബന്ധിച്ച് വളരെയധികം കാര്യങ്ങൾ എഴുതിയിട്ടുണ്ട്. ഇസ്‌ലാമിൽ സ്ത്രീയുടെ സ്ഥാനം എന്ന വിഷയത്തിൽ വളരെയധികം ഗവേഷണം നടത്തിയിട്ടുണ്ട്. ധാരാളം കോൺഫ്രൻസുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. ഇവിടുത്തെ മൂന്ന് ദിനങ്ങൾ എന്നിൽ വളരെ സ്വാധീനമുണ്ടാക്കി. ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെ സ്വാധീനമുളവാക്കുന്നതായിരുന്നു. സ്ത്രീകളുടെ ഭാഗത്തും വളരെ നല്ലതായിരുന്നു. ഞാൻ ചോദിച്ച വളരെയധികം ചോദ്യങ്ങൾക്കും എനിക്ക് മറുപടി ലഭിച്ചു.

ഹുദൂർ പറഞ്ഞു: നിങ്ങൾ ഞങ്ങളുടെ ഗ്രന്ഥങ്ങൾ വായിക്കുക. യൂ.കെ.യിൽ ഒരു വ്യക്തി താൻ ഇസ്‌ലാമിനെ കുറിച്ച് വളരെ കൃത്യത പുലർത്തുന്നുവെന്ന് മനസ്സിലാക്കിയിരുന്നു. ഞാനദ്ദേഹത്തോട് നിങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ വായിച്ചിട്ടുണ്ടോ എന്ന് ചോദിച്ചിരുന്നു. ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന ഗ്രന്ഥം വായിച്ചിട്ടുണ്ടോ എന്നും ചോദിച്ചു. കൂടാതെ ഇതരഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ എന്നും അന്വേഷിച്ചു. വായിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. താങ്കൾക്ക് ഇസ്‌ലാമിനെ കുറിച്ച് പൂർണ്ണമായും അറിയില്ലെന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. കുറച്ചു നാൾക്കുശേഷം ഞാനദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു താൻ ഇസ്‌ലാമിനെ കുറിച്ച് ധാരാളം കാര്യങ്ങൾ പഠിച്ചിരുന്നു. ഇപ്പോൾ ഇസ്‌ലാമിനെ കുറിച്ച് ഒരധ്യായമല്ല, ഒരു ഗ്രന്ഥംതന്നെ താനെഴുതുമെന്ന് അദ്ദേഹം പറഞ്ഞു. ഖാദിയാനിലും റബ്‌വയിലും പോകുമെന്നും പറഞ്ഞു. ഇസ്‌ലാം ഇൻ ബ്രിട്ടീഷ് എംപെയർ (Islam in British Empire) എന്ന ഗ്രന്ഥം അദ്ദേഹം എഴുതുകയും ചെയ്തു.

ഹുദൂർ ആ വനിതയോട് പറഞ്ഞു: നിങ്ങളും ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ പൂർണ്ണ അവഗാഹത്തോടെ വായിക്കുക. നമ്മുടെ പ്രവൃത്തി പ്രചാരണമാണ്. നബി(സ)തിരുമേനി പറഞ്ഞിരുന്നു: അവസാന കാലത്ത് ഒരു പരിഷ്കർത്താവ് വരും, അദ്ദേഹം പരിഷ്കർത്താവ്, മസീഹ്, മഹ്ദി എന്നിങ്ങനെ നാമങ്ങളോടെയാണ് വരിക. അദ്ദേഹം മൂസാ നബിയുടെ സമൂഹത്തിൽ വന്നിരുന്ന മസീഹിനെ പോലെയാണ് വരിക. ഇതേ പ്രകാരം നബി(സ)തിരുമേനിയുടെ പ്രവചനങ്ങളെ പൂർത്തീകരിച്ചുകൊണ്ട് പതിനാലാം നൂറ്റാണ്ടിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നിയോഗിതനായി. ഇസ്‌ലാമികാധ്യാപനങ്ങൾക്ക് നവജീവൻ നല്കി. സമസ്ത ലോകത്തിന്റെ മുന്നിലും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ സമർപ്പിച്ചു.

ഞങ്ങൾ ഈ സമയത്ത് സമസ്തലോകത്തും ജോർജിയായിലും യൂറോപ്പിലും ആഫ്രിക്കയിലും അമേരിക്കിലും ഏഷ്യയിലും ആസ്ട്രേലിയായിലും ദ്വീപസമൂഹങ്ങളിലും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രചരിപ്പിച്ചു വരുന്നു. ആർക്കും സ്വീകരിക്കാം ആർക്കും അപ്രകാരം ചെയ്യാതിരിക്കാം. നമ്മുടെ സന്ദേശം വളരെ തുറന്ന നിലയിലുള്ളതാണ്. വ്യക്തമാണ്. ആരെങ്കിലും സ്വീകരിച്ചാൽ നല്ലത്. സ്വീകരിച്ചില്ലെങ്കിലും ഞങ്ങൾ മനുഷ്യൻ എന്ന നിലയിൽ അവരെ സ്വാഗതം ചെയ്യുന്നതായിരിക്കും; അദ്ദേഹം ഏത് മതത്തിലാണെങ്കിലും ശരി. **(തുടരും)**

**(പേജ് 1ൽനിന്ന്)**

സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് എനിക്കു പറയാൻ കഴിയും. പത്തായിരമാണോ രണ്ടുലക്ഷമാണോ അല്ലെങ്കിൽ എത്രയാണെന്ന് എനിക്കു പറയാൻ കഴിയില്ല. ചില ദുആ സ്വീകാര്യതകളുടെ അടയാളങ്ങൾ എങ്ങനെയുള്ളതാണെന്നാൽ, ഒരു ലോകംതന്നെ അത് അറിയുന്നു.

**മൂന്ന്**: പ്രവചനങ്ങളാണ് മൂന്നാമത്തെ അടയാളം. അതായത് അദൃശ്യകാര്യങ്ങളുടെ പ്രകടനം. ജ്യോതിഷികളും പ്രശ്നക്കാരും ഊഹിച്ചുപറഞ്ഞുകൊണ്ട് ചില കാര്യങ്ങൾ പറയാറുണ്ട്. അവർ പറയുന്നത് ചിലത് ശരിയാകാറുമുണ്ട്. അപ്രകാരംതന്നെ ചരിത്രം നമ്മളോടു പറയുന്നത് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലും അദൃശ്യകാര്യങ്ങൾ പറഞ്ഞിരുന്ന ചെപ്പടിവിദ്യക്കാർ ഉണ്ടായിരുന്നുവെന്നാണ്. സത്വീഹും ഒരു മാന്ത്രികനായിരുന്നു. എന്നാൽ, ആ ഊഹിച്ചു പറയുന്ന ജ്യോതിഷികളുടേയും മാന്ത്രികരുടേയും അദൃശ്യ അറിവുകളും അല്ലാഹുവിൽനിന്ന് നിയോഗിതരായിട്ടുള്ളവരുടേയും ഇൽഹാം ഉണ്ടാകുന്നവരുടെയും അദൃശ്യ അറിവുകളും തമ്മിൽ വ്യത്യാസമുണ്ട്. മുൽഹമിന്റെ അദൃശ്യപ്രകടനം ദൈവശക്തിയും ദൈവികമായ ഗാംഭീര്യവും ഉൾക്കൊള്ളുന്നതായിരിക്കും. കാരണം വിശുദ്ധ ഖുർആൻ വ്യക്തമായ നിലയിൽ പറഞ്ഞു: **ഫലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാ മനിർത്തളാ മിൻ ർറസൂലിൻ**(അൽജിന്ന് 27-28). ഇവിടെ 'ഇള്ഹാർ' എന്ന പദംതന്നെ പ്രകടിപ്പിക്കുന്നത് അതിന്റെ ഉള്ളിൽ ഒരു പ്രതാപവും ശക്തിയുമുണ്ടെന്നാണ്.

നാലാമത്തെ അടയാളം വിശുദ്ധ ഖുർആനിന്റെ സൂക്ഷ്മമായ ജ്ഞാനങ്ങളും അറിവുകളുമാണ്. കാരണം ഖുർആനിക ജ്ഞാനം പരിശുദ്ധമാക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളവരിൽ അല്ലാതെ തുറക്കുകയില്ല. **ലാ യമസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂൻ** (വാഖിഅ: 80). എന്റെ എതിരാളിയും ഒരു സൂറത്തിന് വ്യാഖ്യനമെഴുതാൻ ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്; ഞാനും വ്യാഖ്യാനമെഴുതാം. പിന്നീട് തട്ടിച്ചു നോക്കുക. എന്നാൽ, ആരും ധൈര്യം കാണിച്ചില്ല. മുഹമ്മദു ഹുസയ്ൻ തുടങ്ങിയവർ എന്നെ സംബന്ധിച്ച് അയാൾക്ക് അറബിയിലെ പദഘടന(സ്വീഗ)പോലും അറിയില്ലെന്ന് പറഞ്ഞിരുന്നു. ഗ്രന്ഥങ്ങൾ സമർപ്പിക്കപ്പെട്ടപ്പോൾ പൊള്ളയും നിസാരവുമായ ഒഴികഴിവ് പറഞ്ഞ് മാറിക്കളഞ്ഞു. ഒരു പേജുപോലും എഴുതി സമർപ്പിക്കാൻ കഴിഞ്ഞില്ല; അറബി ഇതാണെന്നെങ്കിലും പറയാൻ!

ചുരുക്കത്തിൽ ഈ നാലു അടയാളങ്ങളാണ് പ്രത്യേകമായ നിലയിൽ എന്റെ സത്യസാക്ഷ്യത്തിനുവേണ്ടി എനിക്കു ലഭിച്ചത്.(മൽഫൂദാത്ത് വാള്യം 1, പേജ് 252, പ്രസാധകർ ഖാദിയാൻ 2018)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 11 February 2021 Issue-6

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

മ്പുഷ്ടമല്ല. എന്നല്ല അത് ശരിയുമല്ല. താനതിൽ ഒരു അർഥഗാംഭീര്യവും കാണുന്നില്ല. വിചാരിക്കപ്പെട്ടതുപോലെ വാഗ്മിത്വവുമില്ല.........അറബിപണ്ഡിതനാണെന്ന് അയാൾ വാദിക്കുന്നു. നബി(സ)തിരുമേനിയെ അറപ്പില്ലാതെയും കളവു പറഞ്ഞും ചീത്തകൾ വിളിക്കുന്നു. ഉമറുൽഖയ്സിന്റെ പിതൃസഹോദരനോ മാതൃസഹോദരിപുത്രനോ ആണെന്ന് തോന്നുംവിധം വിശുദ്ധ ഖുർആനിന്റെ അത്തരം വാദത്തെ അഹങ്കാരത്തോടെ കുറ്റംപറയുകയും തന്റെ പേര് മൗലവി എന്ന് വെക്കുകയും അഹങ്കാരിയെപ്പോലെ നടക്കുകയും ചെയ്യുന്നു.

പിന്നീട് ഇതിനുശേഷം നാം മൗലവി എന്ന പേരിൽ പ്രകടിപ്പക്കുന്ന എല്ലാ ഓരോ ക്രിസ്ത്യാനിയേയും സംബോധന ചെയ്യുകയാണ്.......നാം അവരെ എല്ലാവരേയും മത്സരത്തിന് ക്ഷണിക്കുകയാണ്. അത്തരം ഗ്രന്ഥം രചിക്കുകയാണെങ്കിൽ മുമ്പേ എഴുതിക്കഴിഞ്ഞിട്ടുള്ളതുപോലെ നമ്മുടെ ഭാഗത്തുനിന്ന് അവർക്ക് 5000 രൂപ ഇനാമുണ്ട്. (നൂറുൽഹഖ് , റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 155)

**ഇസ്‌ലാമിനോടും ഇസ്‌ലാമതസ്ഥാപകരോടും വിശുദ്ധ ഖുർആനോടുമുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതുല്യമായ സ്നേഹവും ആത്മവീര്യവും.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എതിരാളി നമ്മുടെ ഗ്രന്ഥത്തിന് തത്തുല്യമായതു കൊണ്ടുവരുമ്പോഴാണ് ഈ ഇനാമെന്ന് ഓർക്കേണ്ടതാണ്. ഈ പുസ്തകത്തിന് സാദൃശ്യമായിരിക്കണം. തുല്യതയും സാദൃശ്യതയും സ്ഥാപിക്കണം. എന്നാൽ, അങ്ങനെ ഉണ്ടാക്കുന്നത് നിഷേധിക്കുകയും കുറുക്കനെപോലെ പിന്തിരിഞ്ഞോടുകയും ആ അർഥങ്ങൾക്കനുസൃതം ഗ്രന്ഥം കൊണ്ടുവരാൻ കഴിയാതിരിക്കുകയും ഖുർആനെ നിന്ദിക്കുന്ന ശീലം കൈവെടിയാതിരിക്കുകയും അല്ലാഹുവിന്റെ ഗ്രന്ഥത്തെ വ്രണപ്പെടുത്തുന്നതിൽനിന്നും കുറ്റപ്പെടുത്തുന്നതിൽനിന്നും പിന്മാറാതിരിക്കുകയും നബി(സ)തിരുമേനിയെ ചീത്ത പറയുന്നത് നിറുത്താതിരിക്കുകയും ഖുർആൻ സാഹിത്യസമ്പുഷ്ടമല്ലെന്ന് പറഞ്ഞുള്ള വ്യർഥ ഭാഷണങ്ങളിൽനിന്നും സ്വയം തടയാതിരിക്കുകയും നിന്ദയുടേയും അനാദരവിന്റേയും മാർഗം ഉപേക്ഷിക്കാതിരിക്കുകയുമാണെങ്കിൽ അയാളുടെമേൽ അല്ലാഹുവിന്റെ ആയിരം ലഅ്നത്ത്. എല്ലാ ജനങ്ങളും ആമീൻ പറയേണ്ടതാണ്.' (നൂറുൽഹഖ്, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 158)

മോശമായ സ്ത്രീകളുടേയും ദജ്ജാലിന്റെ സന്താനങ്ങളിൽപ്പെടാത്തവരുടേയും അല്ലാതെ അനുവദനീമായ രീതിയിൽ ജന്മം കൊണ്ടിട്ടുള്ള എല്ലാ ഓരോ വ്യക്തിയും രണ്ടു കാര്യങ്ങളിൽ ഒന്ന് എന്തായാലും സ്വീകരിക്കുകതന്നെ ചെയ്യും. ഇല്ലെങ്കിൽ ഇതിനുശേഷം കള്ളവർത്തമാനങ്ങളിൽനിന്നും കറ്റുകെട്ടിൽനിന്നും പശ്ചാത്തപിച്ച് മടങ്ങും. അല്ലെങ്കിൽ നാം രചിച്ചതിന് തത്തുല്യമായ പുസ്തകം സമർപിക്കുന്നതായിരിക്കും. എന്നാൽ, നാം രചിച്ചതിന് തത്തുല്യമായ പുസ്തകം രചിക്കാതിരിക്കുന്നവന്റേയും വിശുദ്ധ ഖുർആനെ കുറ്റം പറയുന്നതിൽനിന്നും വിമർശിക്കുന്നതിൽനിന്നും പിൻവാങ്ങാത്തവന്റേയും ഖുർആനികമായ വാഗ്മിത്വത്തിനുമേൽ അനാവശ്യമായി ആക്രമണം നടത്തുന്നതിൽനിന്ന് സ്വയം തടയാത്തവന്റേയുംമേൽ നാം ഈ ചെറുപുസ്തകത്തിൽ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളും പതിയുന്നതായിരിക്കും. അവനിൽ അല്ലാഹുവിന്റെ ശാപം! അപ്രകാരം തന്നെ അവന്റെ എല്ലാ മലക്കുകളുടേയും മനുഷ്യരുടേയും. അതുകൊണ്ട് എല്ലാ ആളുകളും ആമീൻ ആമീൻ ആമീൻ എന്ന് ചൊല്ലേണ്ടതാണ്.(നൂറുൽഹഖ് , റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 163)

**യിമാദുദ്ദീന്റെ കഴുത്തിൽ ആയിരം ശാപത്തിന്റെ നിന്ദ്യതയുടെ ദീർഘമായ കയർ**

യിമാദുദ്ദീൻ ഈ ആത്മീയരോഷം കൊള്ളിക്കുന്നതും നാണം കെടുത്തുന്നതുമായ വാക്കുകൾക്ക് ഒരു പിരഗണനയും നല്കിയില്ല. കളവു പറയുന്നതിൽനിന്നും കറ്റുകെട്ടിപ്പറയുന്നതിൽനിന്നും പിൻവാങ്ങിയതുമില്ല. നൂറുൽഹഖിന് തത്തുല്യമായ പുസ്തകം എഴുതി കാണിക്കാനും കഴിഞ്ഞില്ല. അതുകൊണ്ട് ഖിയാമത്തുന്നാൾവരെ അവന്റെ കഴുത്തിൽ ആയിരം ശാപത്തിന്റെ നിന്ദ്യതയുടെ ദീർഘമായ കയർ വീണു കിടക്കുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മരിക്കുന്നതിനെക്കാൾ കോടിക്കണക്കിന് പടി ചീത്തയായിട്ടുള്ള ഇത്ര കഠിനമായ ശാപങ്ങളുണ്ടായിട്ടും പാതിരി യിമാദുദ്ദീനും മുഴുവൻ പഞ്ചാബിലേയും ഹിന്ദുസ്താനിലേയും മൗലവിമാരെന്നും അറബിപണ്ഡിതന്മാരെന്നും വീമ്പിളക്കുന്ന ക്രിസ്ത്യാനികളും മറുപടി എഴുതുന്നതിൽ പരാജയപ്പെട്ടു. ഇങ്ങനെയൊക്കെയായിട്ടും തങ്ങളുടെ അനുവദനീയമല്ലാത്ത ആക്രമണങ്ങളിൽനിന്ന് പിന്മാറിയില്ല. എന്നല്ല ഈ ദിനങ്ങളിൽ പാതിരി യിമാദുദ്ദീൻ ലജ്ജയും നാണവും മാറ്റിവച്ചുകൊണ്ട് വിശുദ്ധ ഖുർആനിന്റെ തർജമ അച്ചടിച്ചു. സ്വന്തം നിലയിൽ അതിൽ കുറിപ്പെഴുതി. അങ്ങനെ സ്വയം ആയിരം ശാപത്തിന്റ ആദ്യ അനന്തരാവകാശിയായി.' (അൻവാറുൽ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 9)

ഇതേ ഗ്രന്ഥത്തിന്റെ പേജ് 60ൽ പറഞ്ഞു: 'അവശേഷിക്കുന്നത് പാതിരി യിമാദുദ്ദീനും അയാളുടെ കഴുത്തിലെ ആയിരം ശാപത്തിന്റെ നിന്ദ്യതയുടെ നീളമുള്ള കയറുമാണ്. അത് നൂറുൽഹഖിന് മറുപടി എഴുതാൻ പറ്റാത്തതുകൊണ്ട് അയാൾക്കും അയാളുടെ സഹോദരങ്ങൾക്കുമുണ്ടായ വിധിയാണ്.'

ഇനി ഞങ്ങൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള മറ്റൊരു വെല്ലുവിളി വായനക്കാരുടെ സന്നിധിയിൽ അവതരിപ്പിക്കുന്നതാണ്.

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**

(പേജ് 8ൽനിന്ന്)

27ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ സ്വഹാബി, ഹദ്റത്ത് മിയാൻ മുഹമ്മദ് സിദ്ദീഖ് സാഹിബിന്റെ പ്രപൗത്രനും ഹദ്റത്ത് മിയാൻ ഇമാമുദ്ദീൻ സാഹിബ് സേഖ്വാനിയുടെ പൗത്രനും ഹദ്റത്ത് ഖ്വാജാ ഉബയ്ദുല്ലാഹ് സാഹിബിന്റെ ദൗഹിത്രനും ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബിന്റെ പുത്രനുമാകുന്നു. ഇവരെല്ലാവരും സ്വഹാബാക്കളാണ്. മർഹൂം മൂസ്വിയായിരുന്നു.

സന്തപ്തകുടുംബത്തിൽ രണ്ട് പെൺമക്കളും ഒരു മകനുമുണ്ട്. അല്ലാഹു അവർക്ക് സ്വബ്റും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യ നേരത്തെതന്നെ വഫാത്തായിട്ടുണ്ട്. അല്ലാഹു മർഹൂമിനോട് കാരുണ്യത്തോടേയും പൊറുമയോടേയും വർത്തിക്കുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

അദ്ദേഹത്തിന്റെ സഹോദരൻ മുനീറുദ്ദീൻ ശംസ് സാഹിബ് പറയുന്നു: മർഹൂം ഒരുപാട് നന്മകൾക്ക് ഉടമയായിരുന്നു. നമസ്കാരത്തിൽ ശുഷ്കാന്തിയും മക്കളെ എപ്പോഴും നമസ്കാരത്തിന് പ്രേരിപ്പിക്കുന്ന ആളുമായിരുന്നു. ഖിലാഫത്തിനോട് അളവറ്റ സ്നേഹമായിരുന്നു. വീട്ടിൽ എപ്പോഴും ഖിലാഫത്തിനോട് പ്രതിബദ്ധത പുലർത്താനുള്ള സംസാരങ്ങളാണ് നടത്തിയിരുന്നത്. രോഗാവസ്ഥയിലും കഴിഞ്ഞ 2 വർഷമായി എന്നെ കാണാൻ വന്നിരുന്നു. രോഗാതുരനായിട്ടുകൂടി വളരെ ക്ഷമയോടെയും പ്രസന്നവദനനായും സംസാരിച്ചിരുന്നു. മക്കളെക്കുറിച്ച് മാത്രമേ ആലോചിച്ചിരുന്നുള്ളൂ. തന്നെപ്പറ്റി ചിന്തിച്ചിരുന്നില്ല. എല്ലാവരും പറയുന്നത് അദ്ദേഹം എപ്പോഴും സുസ്മേരവദനനായിരുന്നുവെന്നാണ്. എല്ലാവരോടും കൂടിയിരിക്കുന്നതും സുഖദുഃഖങ്ങളിൽ പങ്കാളിയാകുന്നതും അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ് സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് മുആവിയായിൽ നിന്ന്. നബി(സ)തിരുമേനിപറഞ്ഞു: 'നിങ്ങൾ യാചിച്ച് ബുദ്ധിമുട്ടിക്കരുത്. അല്ലാഹുവാണ! നിങ്ങളിൽ ഒരാൾ എന്നോടു വല്ലതും ചോദിക്കുകയും എനിക്ക് വെറുപ്പുണ്ടായിട്ടും അയാൾ തന്റെ ആവശ്യം നിവർത്തിച്ചുകൊണ്ടുപോകുകയും, എന്നിട്ട് ഞാൻ അയാൾക്ക് നല്കിയതിൽ അല്ലാഹു അനുഗ്രഹം ചൊരിയുകയും ചെയ്യുക എന്നത് അസംഭാവ്യമത്രെ.'(മുസ്‌ലിം, ഹദീഥ് 557)**

ത്വാലിബെ ദുആ
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin